The motion that the joint committee on the Travancore Disposition of property Bill be composed of the above members was put and carried.

## THE TRAVANCORE THACHER BILL.

MR. VARKALA K. MADHAVAN : സർ, ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ 'തച്ചർബിൽ' ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. P. S. MAHOMED . I second it.

MR. VARKALA K. MADHAVAN : സർ, തച്ചർ എന്നു പറയുന്നതു് ഏകദേശം അൻപതിനായിരത്തോളം വരുന്ന ഒരു ന്യൂനപക്ഷസമുദായമാണു്. അവരുടെ ആചാരം, രീതിക്രമം, മുതലായവയെ കോഡിഫൈ ചെയ്യുന്നതിനുള്ള നിയമം വേണമെന്നു് അവർ തീവ്രമായി ആഗ്രഹിക്കുന്നതിനാൽ ഇങ്ങനെ ഒരു ബിൽ എഴുതി ഉണ്ടാക്കി അവതരിപ്പിക്കുന്നതാണു്. ജനസംഖ്യയിൽ ഈ സമുദായത്തെക്കാൾ കുറവായിട്ടുള്ള ക്ഷത്രിയർക്കും കുശവൻവക സമുദായത്തിനും ഓരോബിൽ ഈ സഭയിൽനിന്നും പാസ്സാക്കി കൊടുത്തിട്ടുണ്ടു്.

MR. P. S. MAHOMED : തച്ചർ എന്നു പറയുന്നതു് ആശാരിമാരാണോ?

MR. VARKALA K. MADHAVAN : അല്ല. ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. തച്ചർ എന്ന പേരിനാൽ അറിയപ്പെടുന്ന അഞ്ചുകൂട്ടം തണ്ടാന്മാർ, വില്ലാശാന്മാർ, എന്നിങ്ങനെയും പേരു പറയുന്നുണ്ടു്. അതുകൊണ്ടു ബില്ലിനു് ഏതുപേരാണു് സ്വീകരിക്കേണ്ടതെന്ന സംശയം ഉണ്ടായതിനാൽ ഇവരെയെല്ലാം വിളിച്ചുവരുത്തിനടത്തിയ യോഗങ്ങളിൽ അവരുടെ അഭിപ്രായമെന്താണെന്ന അന്വേഷിക്കുകയുണ്ടായി. അവരുടെ ചില യോഗങ്ങളിൽ ഞാനും സംബന്ധിച്ചിട്ടുണ്ടു്. ആ യോഗങ്ങളിലെല്ലാം തച്ചർ എന്ന പേരു വേണമെന്നു തീരുമാനിക്കുകയും അപ്രകാരം പ്രമേയം പാസ്സാക്കി ഗവണ്മെന്റിലേയ്ക്കു് അയക്കുകയും ചെയ്തു. അതുകൊണ്ടു ആ പേർ തന്നെ ബില്ലിനും നാമകരണം ചെയ്തിരിക്കുകയാണു്.

MR. P. KOCHUKRISHNA PILLAI : May I know from the honourable member whether such persons as "Oorali" come under this category ?

MR. VARKALA K. MADHAVAN : ഉൾപ്പെടുമെന്നാണു് എന്റെ അറിവു്.

MR. P. KOCHUKRISHNA PILLAI : Did the honourable member consult the opinion of the community?

LIBRARY ARCHIVES Kerala Legislative Assembly

MR. VARKALA K. MADHAVAN : ഞാൻ അവരുടെ ചില യോഗങ്ങളിൽ ഹാജരായിട്ടുണ്ട്. അതുകൊണ്ട് അവർക്കുള്ള അഭിപ്രായം എന്താണെന്ന എനിക്കറിയാം.

MR. P. S. NATARAJA PILLAI : What is the strength of the Thatchers?

MR. VARKALA K. MADHAVAN : അമ്പതിനായിരം. മി. എം. പി. ജോസഫ് എഴുതിയ മരുമക്കത്തായത്തിൽത്തന്നെ ഈ സമുദായത്തെപ്പറ്റി 'തണ്ടാൻ' അല്ലെങ്കിൽ 'തച്ചൻ' എന്നാണ പറഞ്ഞിരിക്കുന്നത്.

MR. P. S. NATARAJA PILLAI : Is it in the Census Report published by the Travancore Government?

MR. VARKALA K. MADHAVAN: സെൻസസ്സിലും ഉണ്ടെന്നാണ് എന്റെ ഓർമ്മ.

MR. R. MADHAVAN NAIR : ഉരാളിമാരും ഈ സമുദായത്തിൽ പെടുകയില്ലേ?

PRESIDENT : Would it not be more convenient to ask the honourable member to finish what he had got to say and then put questions to him?

MR. VARKALA K. MADHAVAN : ഉരാളിമാർ തച്ചർസമുദായത്തിൽപ്പെട്ടതാണ്. ഈ സമുദായത്തിന്റെ ഏകകണ്ഠമായ അഭിപ്രായം ഈ ബില്ലിന് 'തച്ചർബിൽ' എന്ന പേരു കൊടുക്കണമെന്നുള്ളതിനാൽ ആ പേരിൽ തന്നെ ഈ ബിൽ പാസാക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു.

MR. A. NESAMONY (*Kalkulam* cum *Vilavankod*) : Will the honourable member say whether the carpenters, blacksmiths and the goldsmiths of South Travancore who follow the Mitakshara system of inheritance are intended to be included in this Bill?

MR. VARKALA K. MADHAVAN : Not at all.

MR. P. S. MAHOMED : I second it.

MR. N. VELU VAIDYAN (*Co-opted*): സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. 'തച്ചർബിൽ' ഈ സഭയിൽ അവതരിപ്പിക്കാൻ അവസരം നൽകിയതിൽ ഈ സഭയോടു സമുദായത്തിനുള്ള നന്ദിയെ ഈ സന്ദർഭത്തിൽ ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു.

സർ, തച്ചർസമുദായം തിരുവിതാംകൂറിലെ പിന്നോക്കസമുദായങ്ങളിൽ പ്രധാനപ്പെട്ട ഒരു സമുദായമാണ്. ഈ സമുദായാംഗങ്ങൾ തിരുവിതാംകൂറിലെ പല ഭാഗങ്ങളിലായി താമസിച്ചുവരുന്നു. അവരെ

LIBRARY ARCHIVES Kerala Legislative Assembly

പല പേരിലാണ് അറിയപ്പെടുന്നതെങ്കിലും, തൊഴിലുകൊണ്ടും സമുദായാചാരം കൊണ്ടും ഒരു പ്രത്യേകസമുദായമായി പരിഗണിക്കാവുന്നതാണ് ഈ സമുദായത്തെക്കാൾ ജനസംഖ്യ കുറവുള്ള സമുദായങ്ങൾക്കു സ്വത്തവകാശം വിവാഹം മുതലായ കാര്യങ്ങളിൽ വ്യവസ്ഥകൾ ചെയ്തുകൊണ്ടുള്ള പ്രത്യേകബില്ലുകൾ ഈ സഭയിൽതന്നെ അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ട്. ഇത്രത്തോളം ജനസംഖ്യയുള്ള ഈ സമുദായത്തിനു ഒരു ബില്ലിന്റെ ആവശ്യം നേരിട്ടിട്ടു വളരെക്കാലം കഴിഞ്ഞിരിക്കുന്നു. ഈവക കാര്യങ്ങളെ സംബന്ധിച്ചു സമുദായാംഗങ്ങൾ പല സ്ഥലങ്ങളിലും യോഗങ്ങൾകൂടി തങ്ങൾക്കു ഒരു ബിൽ പാസാക്കിത്തരേണ്ടതാണെന്നു കാണിച്ചു ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ ഈ അപേക്ഷയുടെ ഫലമായിട്ടാണു മി. മാധവൻ ഇപ്പോൾ ഇവിടെ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന പല കാര്യങ്ങളിലും ഞങ്ങൾ മിക്കവാറും യോജിച്ചിരിക്കുന്നതിനാൽ ഈബിൽ സെലക്ട് കമ്മിറ്റിയിലേക്ക് അയയ്ക്കുന്നതിന് ഈ സഭയിലുള്ള ഓരോ അംഗത്തോടും ഞാൻ പ്രത്യേകം പ്രത്യേകം അപേക്ഷിക്കുന്നു. എന്നെ ഒരു മെമ്പറായി ഈ സഭയിലേക്കു നോമിനേറ്റ ചെയ്തതിൽ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെൻറിനോടും മഹാനായ ദിവാൻജി അവർകളോടും എനിക്കും എന്റെ സമുദായത്തിനുമുള്ള സവിശേഷമായ കൃതജ്ഞത ഞാൻ ഈ അവസരത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു.

MR. P. S. NATARAJA PILLAI: Sir, it is with a good deal of diffidence I participate in this debate. This bill is said to be in the interests of certain minority communities and that this piece of legislation is a wholesome measure. My friend Mr. Varkala Madhavan says that he has a mandate to sponsor such a bill. With that preamble, it is rather difficult for me to comment on it and oppose it. But I am forced to do so, in view of some particular aspects embodied in this bill. Sir, this bill is called the Thatcher bill and the definition of the word 'thatchan' includes, Oorali, thandan, villasan and others, a people whose main occupation is tree climbing. But if you look into the Census Report you will find there is a class called 'Thandan' with a population of 41219. But there is no class called 'thatchan' in the whole list of castes enumerated therein. Apart from that, whether these communities enumerated in the definition 'Thatchan' are all included in this 41000 and odd or whether my friend is envisaging legislation for more than these 41000 and if so to what number of people has not been explained to this House. Again, it is a mixed system of inheritance that is being said to be followed by these people. Some sections of the communities follow misradaya system, some others makkathayam and a certain others marumakkathayam system. Now, the attempt is to bring them all into a new system as it were

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

by this bill. The term community is not well defined and a good deal of real difficulty arises from that. Surely some of those communities may like to exist as a separate section individually such as Oorali, thandan, villasan and so forth. There are no facts for this House to judge as to which of the communities are prepared to follow the Hindu makkathayam system alone or the marumakkathayam or desire a new law of marriage and inheritance. It is said that this bill is intended for the communities mentioned in the bill though they follow different systems to-day.

**MR. VARKALA K. MADHAVAN:** But the communities referred to in the bill are well defined communities.

**MR. P. S. NATARAJA PILLAI:** I fail to see that, though my friend assures me on the point. I feel it has not been defined and even the name 'thatcher' I am not able to find it mentioned in any available document. As for that matter I took some pains to study whether anything could be found out from the Census Report. I was not able to get at any reference to this community. My friend Mr. Varkala Madhavan says that there is a concensus of opinion on that matter. But I have before me a representation signed by the Secretary of the All Travancore Artisan class which says that Ooralis, thandans and villasans form part of the Kammala or Viswakarma community and that they do not wish to come under this head.

**MR. VARKALA K. MADHAVAN:** Is there not a separate bill for them pending before this House?

**MR. P. S. NATARAJA PILLAI:** Yes. It is all the more a reason not to create a conflict in legislation by including a community in two Bills. Anyway they do not want to be included in the definition of the expression 'thatchan'. That is the effect of their representation.

If the expression 'thatchan' is to be defined as including Oorali, thandan, villasan and others and when a particular community of that group comes up with a protest that they should not be included in that definition, we are facing a real difficulty. There is another ground to oppose the bill. Sir, there are in this country some communities who follow different system of law of inheritance though they bear a common communal name. They follow either makkathayam or marumakkathayam. They form separate sections in the community. These groups may not wish to change the present system or to go under this composite system or a new law for inheritance and marriage as evolved in this bill. Sir, one other point which I would place before the House is, that in matters of social legislation for each community, though it be small we have to take note of its cultural background. I would earnestly request my honourable friends to that aspect. There may be only ten thousand people living in a small village but they have evolved their own tradition and they may have evolved a particular system of inheritance or a particular form of marriage. To ignore that and to ask groups with different systems of inheritance and marriage and with distinct traditions to fall in line with a new system composite in character will neither be just nor reasonable. Each community must be allowed to evolve out of its past. To force new

LIBRARY ARCHIVES Kerala Legislative Assembly

forms which do not fit in with their past is not the function of the legislature. There are Makkathayees and Marumakkathayees. I am one who believes that progressive changes are necessary in both the systems. But this is a case of two different systems being brought under one single bill. Here my friend is defining the expression 'thatchan' for those who are following different systems of inheritance as well as marriage. My submission is, to force those communities to fall in line with the aspirations of a few, is rather very hard. Particularly a piece of social legislation should not be formed on that basis. The proposed measure before the House affects system of inheritance and marriage; indeed the most serious social aspect of life. Apart from that if you look into the figures, you will find in Travancore there are 13·26 lakhs of people following a mixed system of inheritance most of them following traditional occupations. Of whom 8·69 are Ezhavas. Then there is left behind only 5 lakhs of people of various communities who follow a mixed system of inheritance. When there are different communities, when 10,000 or 20,000 people are included in this 5 lakhs, the best proposition for this House would be to appoint a commission to go into the question of social legislation affecting the whole 5 lakhs of people who follow the mixed system. Piecemeal legislation for small sections of this group will only perpetuate distinctions among them with greater strength than at present and it will not be in the wider interests of our society. Therefore I should request the House not to concede to legislate for particular sections of this 5 lakhs of people.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know where is the 5 lakhs of people from?

MR. P. S. NATARAJA PILLAI: Sir, in the enumeration we find 13 lakhs of people who are said to follow makkathayam and marumakkathayam system of inheritance. That is found in the Census Report of 1931. I was not able to find a similar table in the 1941 Census Report. In the Census Report of the year 1931 separate statistics are available on the basis of inheritance. People who follow the makkathayam and marumakkathayam system of inheritance number 13·26 lakhs of which Ezhavas number 8·69 lakhs. Remaining is 5 lakhs.

MR. KADAKKAVOOR P. MADHAVAN: May I ask the honourable member whether there is not a separate Regulation for the Ezhavas?

MR. P. S. NATARAJA PILLAI: If my honourable friend will patiently wait and hear what I am going to say, this question would not have arisen. At the same time I would request the member to credit me with ordinary common sense and knowledge of people in the State. Now, with regard to the 5 laks who follow the mixed system and stand in need of social legislation I want to submit one or two facts.

MR. T. K. NARAYANA PILLAI: Does not the honourable member think that even without any demand from particular communities who are comprised in this 5 lakhs, will not this House be justified in embarking on legislation?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: In view of the social progress we have attained, in view of the inevitable economic changes and in response to the advanced views prevalent among the communities and with the idea of the fusion of communities it is an imperative duty cast upon this House, upon the Representatives of this House to think of a comprehensive legislation of the kind I suggest.

MR. VARKALA K. MADHAVAN: Is it the opinion of the member that bill after bill can be repealed to suit changing conditions?

MR. P. S. NATARAJA PILLAI: We have as a matter of fact legislated for each individual families In the Ezhava Regulation some are exempt from the operation of the Act, so much so, such people can follow their own custom which means legislative sanction for that. When we have higher ideals, when we have the ideal to legislate for a common system and the fusion of various groups into a common unit, why not we attempt it on a comprehensive basis? I am against enacting piecemeal legislation and of dividing the communities sectionally and perpetuate them in that form. Whether my honourable friends agree with me or not, my object is to have a legislation which will help the fusion of all the sub-divided communities. Here we have got two definite systems of inheritance. There are a number of people following the makkathayam and marumakkathayam systems of inheritance. So as a matter of first step give the people following each system the opportunity to come together to fuse together. It is for the Government to appoint a commission to go into the question and get evidence and then prepare a bill to suit the aspirations of each of these communities. I am against any kind of legislation being enacted by this House for ten thousand or twenty thousand people. That will be a legislative waste if I may use that expression. It is a waste of effort. Perhaps it may satisfy the aspirations and sentiments of a few. This House as representing the people of the country should have some common good as its object. It must legislate for the good of at least a section of the people and legislation must be such as to help the growth and the solidarity of the people Here we have a clear-cut demarcation in the sense that there are only 5 lakhs of people who follow a mixed system, who depend upon their customary law for purposes of inheritance and marriage. This is the time when laws are being codified. We are also attempting the same process. Our Courts are administering justice on the basis of the customs and usage of our people. Evidently Mr Madhavan has brought forward such a measure because he is dissatisfied with the Courts of justice. I think he is dissatisfied with the administrative side of Courts or he wants another progressive step to be taken. If the latter be the reason it is better to frame a bill which will bring within its purview all sections of people who follow the mixed system of inheritance. On that ground I would earnestly request my friend not to press this bill but to press on the Government to appoint a commission or a committee with a view to go into the question of framing a new bill to codify the law which will affect the people who follow a mixed system of inheritance in this country. That is one aspect of my objection.

LIBRARY ARCHIVES Kerala Legislative Assembly

If we go into the details of the clauses of the Bill, there are various defects. I am a lay man in the sense that I am not a lawyer, but there are.....

**MR. A. K. BHASKAR:** Does the member suggest that there must be one law for all Hindus?

**MR. P. S. NATARAJA PILLAI:** My proposition is for the class of people who follow misradayam. When we legislate on social measures we must know the number of people who are affected by the measure. We have no clear data of that for this bill and the data that we have got is very elusive. The Census Report is very imperfect, but that is the only authority that we have. The work on 'Castes of South India' contain some information, but it gives historical information and the early social customs etc. and not their numerical strength.

We are legislating for a section of the population and therefore, we must know definitely how many people are going to be brought within the purview of the legislation. If we do so without knowing that it will be creating unnecessary difficulty and trouble. So my argument is, that, without legislating for a group of this mixed system of inheritance a comprehensive legislation must be attempted for the five lakhs who follow it. That will be a progressive step.

Turning to some of the details, I find that Clause 8 envisages monogamy. Clause 9 (c) requires a compulsory payment of money before applying for a divorce, without any exception.

**MR. VARKALA K. MADHAVAN:** That is alright for a particular community.

**MR. P. S. NATARAJA PILLAI:** If you are to apply for a divorce, a payment is compulsory. Grounds of immorality, or incompatibility of temper or habitual cruelty or for that matter no reason is taken into account. Anyone who applies for a divorce must pay the amount irrespective of the grounds for the divorce. That is the kind of provisions we have got in this bill.

Then there are other defect in details also to be gone into. Even if this House recommends the Bill to be referred to a Select Committee—I hope it will not—I would strongly urge that the committee be directed that evidence should be taken of the members of the particular communities to which this Bill is to apply. I would request the House to refuse permission to send this to the Select Committee, but in case it grants permission I suggest evidence should be taken of the communities concerned.

**MR. T. P. VELAYUDHAN PILLAI:** സർ, തിരുവിതാംകൂർ തച്ചർബിൽ അവതരിപ്പിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ ഏറ്റവും ശക്തിയായി എതിർക്കുന്നു. ഈ ഘട്ടത്തിൽ ഈ സഭയുടെ ആലോചനക്കു വിഷയമാകേണ്ടതു് ഈ ബിൽ ഉൾക്കൊണ്ടിരിക്കുന്ന തത്വത്തെ സംബന്ധിച്ചാണു്. എന്റെ വിനീതമായ അഭിപ്രായത്തിൽ തത്വപരമായി നോക്കുമ്പോൾ ഈ ബിൽ അവതരിപ്പിക്കുന്നതിനു് ഈ സഭയുടെ അനുമതി കൊടുക്കാൻ പാടില്ലാത്തതാകുന്നു.



LIBRARY ARCHIVES Kerala Legislative Assembly

MR. VARKALA K. MADHAVAN : ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദം കിട്ടിക്കഴിഞ്ഞു എന്നുള്ളതു് മെമ്പർക്കു് അറിയാമോ?

MR. T. P. VELAYUDHAN PILLAI : അറിയാം ഈ രാജ്യത്തു അധിവസിക്കുന്ന പൊതുജനങ്ങളുടേയോ അല്ലെങ്കിൽ അതിൽ ഏതെങ്കിലും ഒരു വിഭാഗത്തിന്റേയോ സുഖസംതൃപ്തിയോടുകൂടിയ ജീവിതത്തിനും ഉൽക്കർഷത്തിനും പര്യാപ്തമായ ഒരു നിയമം ഉണ്ടാക്കുന്നതിന് ഈ സഭയ്ക്കു് ധാരാളം അവകാശമുണ്ടു് എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഈ ബിൽ ഉൾക്കൊള്ളുന്ന സമുദായങ്ങളെ പ്രതിനിധീകരിക്കുന്നതും അംഗീകാരം ഇതിനകം സമാർജ്ജിച്ചിട്ടുള്ളതുമായ ഒരു സംഘടന തിരുവിതാംകൂറിൽ നിലനിൽക്കവെ ഈ ബില്ലിനെപ്പറ്റി ആ സംഘടനയ്ക്കുള്ള അഭിപ്രായം എന്താണെന്നുകൂടി ഈ അവസരത്തിൽ നാം അറിയേണ്ടതാണു്.

MR. K. R. NARAYANAN : ആ സംഘടനയുടെ പേർ എന്താണു്?

MR. T. P. VELAYUDHAN PILLAI : അഖിലതിരുവിതാംകൂർ തച്ചർ മഹാസഭ എന്നാണു് ആ സംഘടനയുടെ പേർ. തിരുവിതാംകൂറിലുള്ള തച്ചർസമുദായത്തിന്റെ സുസമ്മതമായ അംഗീകാരം സിദ്ധിച്ചിട്ടുള്ള ഒരു സംഘടനയാണു് അതു്. ആ മഹാസഭയുടെ പ്രസിഡൻറും സെക്രട്ടറിയും കൂടി ഈ ബില്ലിനെ ശക്തിമത്തായി പ്രതിഷേധിച്ച ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ തച്ചർബിൽ ആ പേരിൽ അറിയപ്പെടുന്ന ജനവിഭാഗത്തിന്റെ താല്പര്യങ്ങൾക്കു ഹാനികരമാണെന്നും അതു് അവതരിപ്പിക്കാനുള്ള അനുവാദം ഒരുവിധത്തിലും നൽകാൻ പാടില്ല എന്നും ആ വിജ്ഞാപനത്തിൽ പ്രസ്താവിച്ചുകാണുന്നു. ആ അപേക്ഷയ്ക്കു് പ്രാധാന്യം കല്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

MR. M. K. NILAKANTAN : അഖിലതിരുവിതാംകൂർ തച്ചർമഹാസഭ ജനറൽസെക്രട്ടറി ഇപ്പോൾ ഈ സഭയിലെ ഒരു മെമ്പർ ആണോ?

MR. PULIYOOR T. P. VELAYUDHAN PILLAI : എനിക്കു് സൂക്ഷ്മമായി അറിയാൻ പാടില്ല. ഒരു പക്ഷേ ആയിരിക്കാം. ഏകദേശം നൂറു ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്ന തിരുവിതാംകൂറിൽ കേവലം അര ലക്ഷത്തോളം മാത്രം വരുന്ന ഒരു ജനവിഭാഗത്തിനുവേണ്ടി ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുന്നതു്, ഏറ്റവും സാഹസമായ ഒരു പ്രവർത്തിയാണു്. അങ്ങനെയുള്ള നിയമങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാതെ, കഴിയുമെങ്കിൽ ആചാരങ്ങളിലും പാരമ്പര്യങ്ങളിലും മറ്റു നടപടിക്രമങ്ങളിലും ഐക്യരൂപ്യമുള്ള പലേ ജനവിഭാഗങ്ങളേയും ഏകോപിപ്പിക്കത്തക്ക

LIBRARY ARCHIVES Kerala Legislative Assembly

ക്കവിധത്തിലും അവരവരുടെ ആചാരങ്ങൾക്കും നടപ്പുകൾക്കും പിൻതുടർച്ചാവകാശക്രമങ്ങൾക്കും മറ്റും വ്യത്യാസം വരാതിരിക്കത്തക്കവിധത്തിലും ഒരു ബിൽ അവതരിപ്പിക്കുവാൻ സാധിക്കുമോ എന്നും നോക്കേണ്ടതാണു.

MR. K. R. NARAYANAN : മി. നടരാജപിള്ളയുടെ അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർ ആവർത്തിക്കുകയാണോ ചെയ്യുന്നത്?

MR. PULIYOOR T. P. VELAYUDHAN PILLAI : അതെ. അതുകൊണ്ടു് അൻപതിനായിരം ആളുകൾക്കുവേണ്ടി ഈ നിലയിൽ പ്രത്യേകം ഒരു ബില്ലു് ആവശ്യമില്ല എന്നാണു എന്റെ അഭിപ്രായം. ഞാൻ പ്രതിനിധീകരിക്കുന്ന തിരുവല്ലാ താലൂക്കിൽ തച്ചന്മാരുണ്ടു്, തണ്ടാന്മാർ എന്നു പറയപ്പെടുന്ന ആളുകളുമുണ്ടു്. തക്ഷൻ എന്ന പദം ലോപിച്ചു തച്ചൻ എന്ന ആയിട്ടുള്ളതാണു്. തക്ഷൻ അല്ലെങ്കിൽ തച്ചൻ എന്ന പദത്തിന്റെ അർത്ഥം തന്നെ വൃക്ഷം രൂപഭേദപ്പെടുത്തി പണി ചെയ്യുന്നവൻ എന്നാണു്. ആ നിലയ്ക്കു കമ്മാളവിഭാഗത്തിൽപെട്ട ആളുകളും ഈ ബില്ലിന്റെ വ്യാപ്തിയിൽ വരും. എന്നാൽ മരം പണിചെയ്യുന്നവർ എന്നുള്ളതിനു പകരം മരത്തിൽ കയറുന്നവരെ മാത്രം ഉദ്ദേശിക്കുന്ന ഒരു ബില്ലായിട്ടാണു് ഇതിനെ അവതാരകൻ സ്വീകരിച്ചിട്ടുള്ളതു് എന്നു ബില്ലിന്റെ ഉദ്ദേശവിവരണത്തിൽനിന്നും കാണുന്നു. ഇതു് അസ്വാഭാവികവും സ്വീകാര്യമല്ലാത്തതുമായ ഒരു നിർവ്വചനം ആണെന്നുള്ളതിൽ സംശയമില്ല. എന്റെ അറിവു് ഈ തച്ചന്മാർ തണ്ടാന്മാരുമായിട്ടു് മിശ്രവിവാഹമോ, മിശ്രഭോജനമോ ഇല്ലെന്നു മാത്രമല്ല ആചാരത്തിലും നടപ്പിലും വ്യത്യസ്തമായ ഏർപ്പാടുകളോടുകൂടി കഴിഞ്ഞുവരുന്ന രണ്ടു സമുദായക്കാരാണെന്നാണു്. അങ്ങനെയിരിക്കെ ആ രണ്ടു സമുദായങ്ങളുടെ അഭിപ്രായഗതിക്കെതിരായി അവരെ നിർബന്ധപൂർവ്വം ബന്ധിക്കുന്ന ഒരു നിയമം ഇവിടെ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്നതു് ആ സമുദായങ്ങളുടെ ഉത്കർഷത്തിനും സമുദായാംഗങ്ങളുടെ ഇടയിലുണ്ടായിരിക്കേണ്ട സൗഹാർദ്ദതയ്ക്കും ഹാനികരമായി ഭവിച്ചേക്കാനിടയുണ്ടു്.

MR. K. A. MOHAMED : മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കണം എന്നുള്ളതല്ലേ ഇന്നത്തെ ആദർശം?

MR. PULIYOOR T. P. VELAYUDHAN PILLAI : മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ വിരോധമില്ല. പക്ഷേ അതിനു് ഇരുകൂട്ടരുടേയും സമ്മതമുണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K R. NARAYANAN : ഇതുക്കൂട്ടരേയും സമ്മതിപ്പിക്കുന്നതിനുള്ള ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിന് ഈ ബിൽ സഹായിക്കുകയില്ലേ?

MR. PULIYOOR T. P. VELAYUDHAN PILLAI : അങ്ങനെയുള്ള ഒരു പശ്ചാത്തലം സൃഷ്ടിച്ചതിൽ പിന്നീട് ഇങ്ങനെയുള്ള ഒരു ബില്ല് കൊണ്ടു വന്നതുകൊണ്ട് തരക്കേടില്ല.

തണ്ടാന്മാക്കും ഒരു സംഘടനയുണ്ട്. ആ സംഘടന ഈ ബിൽ അവക്കു ഒരിക്കലും ആവശ്യമില്ലെന്ന പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ട്. തച്ചർ മഹാസഭയും ഈ ബിൽ ആവശ്യമില്ലാ എന്ന പ്രമേയം പാസ്സാക്കീട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ അനുവദിക്കാൻ പാടില്ല. ക്രൂരാതെ മക്കത്തായികളും മരുമക്കത്തായികളും മിശ്രമായക്കാരും ആയ വിഭാഗങ്ങളെ ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്താൻ പ്രയോകതാവുശ്രമിക്കുന്നതായി കാണുന്നു. ഇതും തത്വവിരുദ്ധമാണ്. ഒരു നിയമമുണ്ടാക്കുന്ന അവസരത്തിൽ ആ സമുദായത്തിന്റെ ഉത്തമ താല്പര്യത്തിനു ഒരിക്കലും വിഘാതമായിരുന്നുകൂടാ. അങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നത് രാജ്യശ്രേയസ്സിനുതന്നെ ഹാനികരമാണ്. മക്കത്തായം, മരുമക്കത്തായം, മിശ്രമായം എന്നിങ്ങനെ ഭിന്നസമ്പ്രദായങ്ങളിൽ കഴിഞ്ഞുകൂടുന്ന സമുദായാംഗങ്ങളെ അവരുടെ ഹിതത്തിനു വിപരീതമായി ദീർഘകാലത്തെ സുസ്ഥിരമായ നടപ്പിനും നടപടിക്രമങ്ങൾക്കും വിപരീതമായി ഒരു നിയമത്തിൽ ഉൾപ്പെടുത്തണമെന്നുള്ള ആശയത്തോട് ഒരിക്കലും യോജിക്കാൻ നിവൃത്തിയില്ല. അതിനാൽ ഈ ബിൽ ഒരു കാരണവശാലും സ്വീകരിക്കാൻ പാടില്ല എന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടു ഞാൻ വിരമിക്കുന്നു.

MR. P. KOCHUKRISHNA PILLAI : Sir, I oppose the introduction of the Bill and support the arguments advanced by Mr. Velayudhan Pillai. My reasons are two-fold. This is a piece of legislation intended for very small communities, defined as Ooralies, Thandans and Villasans. We must be legislating for major communities than what will exactly come within the purview of this Bill. I appeal to the honourable members of this House to abstain from passing legislations for small communities and sub-sections of such communities. In other words, we must as far as possible, introduce only comprehensive Bills operating upon larger sections of the people, who can, as far as possible, be brought under one enactment or one law.

Secondly, coming to the main aspects of the Bill, I have to say that the Bill is materially defective in many respects. This Bill is defined as "Thatcher Bill". It is meant to affect "Thatchans"

LIBRARY ARCHIVES Kerala Legislative Assembly

"Thatchan" or "Thakshan" is defined in Amaram and Parakeswari, the earlier Texts, as those whose occupation is tree cutting. Thatchan is defined in the Bill as including Ooralies, Thandans and Villasans and such others whose main occupation is tree climbing. Hence the term "Thatchan" as employed in the Bill means one who climbs the tree and not one who cuts the tree. This is a material defect. The term "Thatchan" should not include those whose main occupation is tree climbing. Though the Bill is designated "Thatcher Bill", it does not take into contemplation this aspect of the matter. The main occupation of the Ooralies and the other two sections of the people defined in the Act, is tree climbing and not tree cutting. It has been unanimously resolved at a meeting of the All Travancore Thatcher Maha Sabha, held in Central Travancore, a few months back, that though the Bill takes into consideration Thatchans whose main occupation is tree cutting, it is objectionable and should not be allowed to be passed because it includes those whose main occupation is tree climbing. The Secretary of the Sabha is a co-opted member of this House and I hope that he will deal with this question. If the honourable mover of the Bill takes into contemplation only Ooralies, Thandans and Villasans and others whose main occupation is tree climbing as coming within the scope of this Bill, then, in that case, this Bill cannot be named "Thatcher Bill". It may be given an appropriate name and must be made to apply only to those sections of the people whose main occupation is tree climbing. I may also add, that, the Ooralies, Thandans and Villasans are not known in these countries by any common designation or name. They follow different customs in different parts of the country. The honourable mover of the Bill has not understood or studied the difference in the customs and manners prevailing among those whose main occupation is tree climbing, and among those whose main occupation is tree cutting. The Bill in its present form is highly objectionable. On these two grounds, I strongly oppose the introduction of the Bill.

The House rose for lunch at 1 P. M. and re-assembled at 2 P. M. with the Dewan President in the Chair.

MR. N. VELU VAIDYAN : തിരുവിതാംകൂറിൽ മരംകേറാം തൊഴിലാക്കിവെച്ചിരിക്കുന്ന തച്ചരും തണ്ടാന്മാരുമായ ആളുകൾ ഫസ്റ്റ് ഫ-ലെ സെൻസസ്സുപ്രകാരം ര ഫ, ഫ ഫ്യു-ആണ്. അതിനു ശേഷം ജനസംഖ്യ വമ്പ ശതമാനം വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ഇങ്ങനെ അര ലക്ഷത്തോളം വരുന്ന തണ്ടാൻ, തച്ചൻ, വില്ലാശാൻ, ഊരാളി എന്നു തുടങ്ങിയ അവശസമുദായങ്ങളെന്നറിയപ്പെടുന്നവക്ക് ഒരു നിയമം ഉണ്ടാക്കുന്നതിനാണ് ഈ ബിൽ തച്ചർബിൽ അവതരിപ്പിച്ചിരിക്കുന്നത്.

PRESIDENT : Is the honourable member making a personal statement or a speech ? He cannot make another speech.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KESAVAN ACHARY : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ് ചെയ്യുന്നത്. എന്തെന്നാൽ അതിന്റെ നാമനിർദ്ദേശവും ഉള്ളടക്കവുംതന്നെ അനുയോജ്യമല്ല. ഈ ബിൽ തച്ചർ, തണ്ടാൻ, ഊരാളി, വില്ലാശാൻ എന്നു തുടങ്ങിയുള്ള പല വിഭാഗക്കാരും ഉൾപ്പെടണമെന്നാണ് പറഞ്ഞിരിക്കുന്നത്. വിശേഷിച്ചും തച്ചർ സമുദായത്തിനെ സംബന്ധിച്ചിടത്തോളം അവർക്ക് ഈ ബില്ലിനോട് അനുകൂലിക്കുവാൻ നിവൃത്തിയില്ല. വിവിധ തരത്തിൽ ജീവിച്ചുവരുന്നവർ ഒരേ തൊഴിലുകാരായാൽ തന്നെയും ഒരേ വർഗ്ഗത്തിൽപെടുന്നതാണെന്നുള്ളതിനു ശാസ്ത്രീയമായ ആഗമമോ മറ്റു തെളിവുകളോ ഇന്നേവരെ ഉണ്ടായിട്ടില്ല, ക്രോതെ, തച്ചൻ, ഊരാളി, തണ്ടാൻ, വില്ലാശാൻ ഇവരുടെ സമുദായ ആചാരങ്ങൾക്കും സമ്പ്രദായങ്ങൾക്കും വലിയ അന്തരമുണ്ട്. തച്ചൻ എന്നു പറഞ്ഞാൽ മരം മുറിയ്ക്കുക, അറക്കുക, തടിയിൽ പണിയുക ഇവ തൊഴിലാക്കി വച്ചിരിക്കുന്നവൻ എന്നേ അർത്ഥമുള്ളൂ. തണ്ടാന് മരം കേറുന്ന ജോലിയാണുള്ളത്. ഇങ്ങനെ ഓരോ തൊഴിൽ വ്യത്യാസങ്ങളും ആചാരവ്യത്യാസങ്ങളും അവക്കുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ പരിധിയിൽ തച്ചർ സമുദായത്തെ ഉൾപ്പെടുത്താൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഇതിനേപ്പറ്റി കൂടുതലായി പറയാനുള്ളത്, ബിൽ സിലക്ട് കമ്മിറ്റിയിൽ പരിശോധനയ്ക്കും നടപടികൾക്കുമായി വരുമ്പോൾ പറഞ്ഞുകൊള്ളാം. അതായത് ബില്ലിലെ ഓരോ വകുപ്പിനെപ്പറ്റിയും എനിക്കുള്ള അഭിപ്രായങ്ങൾ സിലക്ട് കമ്മിറ്റിയിൽ പറഞ്ഞുകൊള്ളാം.

MR. P. S. MAHOMED : ബഹുമാനപ്പെട്ട മെംബർ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുന്നുണ്ടോ?

MR. P. K. KESAVAN ACHARY : ഈ ബില്ലിനെ 'തച്ചർബിൽ' എന്നു നാമകരണം ചെയ്ത നിലയ്ക്ക് ആ സമുദായക്കാരെ മാത്രം അല്ലാതെ മറ്റുള്ള സമുദായക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിൽ ആണ് ഞാൻ എതിർക്കുന്നത്. തച്ചർ സമുദായത്തെ മാത്രം ഉൾപ്പെടുത്തുന്ന രീതിയിലുള്ള ഈ ബില്ലെങ്കിൽ ഞാൻ അതിനെ നിശ്ചയമായും സ്വാഗതം ചെയ്യുന്നതാണ്.

MR. VARKALA K. MADHAVAN : അതുകൊണ്ട് ഈ ബിൽ ബഹുമാനപ്പെട്ട മെംബർക്ക് ആവശ്യമില്ലെന്നാണോ പറയുന്നത്?

MR. P. K. KESAVAN ACHARY : തച്ചർസമുദായത്തിനു പ്രത്യേകം ഒരു ബില്ല് ആവശ്യംതന്നെ. പക്ഷേ, മരംകേറുന്നവരുടെ കൂട്ടത്തിൽ തച്ചർ സമുദായത്തെക്കൂടി ഉൾപ്പെടുത്തുന്ന ഒരു ബിൽ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUMARAN (*Nominated*) : സർ, ഈ ബില്ലിനെ മനഃപൂർവ്വം എതിർക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ രാജ്യത്തെ അസമതലസമുദായങ്ങളിലെ ഒരു പ്രത്യേക വിഭാഗക്കാരായ തച്ചർ സമുദായത്തിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. എന്റെ അഭിപ്രായം, രാജ്യത്തുള്ള അസമതലസമുദായങ്ങളെ പൊതുവേ പ്രതിനിധീകരിക്കത്തക്കവണ്ണമുള്ള ഒരു ബില്ലാണ് ആവശ്യമായിരിക്കുന്നതെന്നാണ്. പൊന്നുതമ്പുരാൻ തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ ഹിന്ദുമതത്തിൽപ്പെട്ട സകല ജാതി വിഭാഗക്കാക്കും ക്ഷേത്രപ്രവേശനതിരുവെഴുത്തുവിളംബരം അനുവദിച്ചു പ്രഖ്യാപനം ചെയ്തിരിക്കുന്നതുകൊണ്ടു, ഹിന്ദുസമുദായത്തിൽപ്പെട്ട എല്ലാ ജാതി വിഭാഗക്കാരേയും ഏകീകരിക്കുന്നതിനാവശ്യമായ ഒരു ബിൽ ബഹുമാനപ്പെട്ട ഗവണ്മെൻറുതന്നെ ഈ സഭയിൽ കൊണ്ടുവരികയും അതു് അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ അവശ സമുദായങ്ങളുടെ ഐക്യത്തിനും ഏകീകരണത്തിനും അതു് നിദാനമായിത്തീരും. നേരേമറിച്ചു് അവശ സമുദായത്തിലെ ഒരു പ്രത്യേക വിഭാഗമായ തച്ചർ സമുദായത്തിനുവേണ്ടി ഇപ്പോൾ ഒരു ബില്ലു് കൊണ്ടുവന്നു പാസ്സാക്കുന്നതായാൽ, അടുത്ത അവസരത്തിൽ വേറൊരു സമുദായക്കാർ മറെറാരു ബില്ലു കൊണ്ടുവരും. അങ്ങിനെ പുലയർസമുദായത്തിനു പുലയർബിൽ, കുറവർസമുദായത്തിനു് കുറവർബിൽ, പറയർസമുദായത്തിനു് പറയർബിൽ ഇങ്ങനെ ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകം ബില്ലുകൾ ആവശ്യമായിവരും. ഇതു പൊന്നുതമ്പുരാൻ തിരുമനസ്സിലെ കാരുണ്യാതിരേകംകൊണ്ടു് അനുവദിച്ചുതന്നിട്ടുള്ള ക്ഷേത്രപ്രവേശനവിളംബരതത്പത്തിനുതന്നെ എതിരായ ഒരു പ്രവൃത്തിയാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവണ്മെൻറു് കരുണാപുരസ്സരം ഹൈന്ദവസമുദായത്തെ പൊതുവേ ബാധിക്കുന്ന ഒരു ബിൽ ക്ഷേത്രപ്രവേശനവിളംബരതത്പത്തെ ആധാരിച്ചും അംഗീകരിച്ചും ഈ സഭ മുമ്പാകെ അവതരിപ്പിക്കുകയും ഈ സഭ അതിനെ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്യുന്നതായാൽ ആയതു പിന്നോക്ക സമുദായങ്ങളുടെ പുരോഗതിക്കും, സമുദായ ഐക്യത്തിനും, വളർച്ചയ്ക്കും ഉപകാരപ്രദമായി പരിണമിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

MR. T. K. NARAYANA PILLAI : സർ, പ്രത്യേക സമുദായങ്ങളിൽ നിന്നും നാമനിർദ്ദേശംചെയ്യപ്പെട്ടിരിക്കുന്ന രണ്ടു മാന്യന്മാർക്കു് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമില്ലാത്തതുകൊണ്ടു് അവർക്കു് കൂടി മനസ്സിലാകുന്നതിനുവേണ്ടി മലയാളത്തിൽ സംസാരിക്കാമെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai.]

സർ, ഈ ബില്‍ നെയ്യാറ്റിന്‍കര തിരുവനന്തപുരം ഈ താലൂക്കുകളിലുള്ള ഈ പ്രത്യേകസമുദായത്തില്‍പ്പെട്ടയാളുകളുടെ അഭിപ്രായത്തെ പ്രതിബിംബിപ്പിക്കുന്നു എന്നു പറയുന്നതില്‍ യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാല്‍ ഓരോ താലൂക്കിലും ഈ സമുദായാംഗങ്ങളെ പ്രത്യേകയോഗങ്ങളാ വിളിച്ചുകൂട്ടി. നെയ്യാറ്റിന്‍കരതാലൂക്കില്‍ കുന്നുകുടി, തിരുവനന്തപുരംതാലൂക്കില്‍ വേങ്ങാന്നുകുടി. ആ രണ്ടു യോഗങ്ങളിലുമുണ്ടായ വാദപ്രതിവാദങ്ങളും കേള്‍ക്കുവാന്‍ എനിക്കു സാധിച്ചു. ആ യോഗങ്ങളില്‍വച്ച് താഴെപ്പറയുന്ന അഭിപ്രായം ഞാന്‍ പറഞ്ഞു. "നിങ്ങളും എല്ലാംപേരുംകൂടി യോജിച്ച് ഈ ബില്‍ പാസ്സാക്കുന്നപക്ഷം അതു നായർബില്ലിനോടും ഈഴവബില്ലിനോടും വളരെ സാമ്യമുള്ള ഒരു ബില്ലായിത്തീരും. വാസ്തവത്തില്‍ നായർബില്ലുകൊണ്ട് ആ സമുദായത്തിനുണ്ടായിട്ടുള്ള മേന്മ എത്രമാത്രമുണ്ടെന്നുള്ള സംഗതിയില്‍ അഭിപ്രായവ്യത്യാസമുണ്ട്. ഈഴവസമുദായത്തിനെപ്പറ്റി എനിക്ക് നല്ല നിശ്ചയമില്ല. എന്നാല്‍ എന്റെ വിശ്വാസം, നിലവിലിരിക്കുന്ന നായർബില്ല്, കാലാന്തരത്തില്‍ നായർസമുദായത്തെതന്നെ നാമാവശേഷമാക്കുവാന്‍ പര്യാപ്തമാകുമെന്നാണ്. ഇത്തരത്തിലുള്ള ഒരു ബില്ല് നിങ്ങള്‍ക്കു വേണമോ, വേണ്ടയോ എന്നു നിങ്ങള്‍തന്നെ തീരുമാനിക്കണം. വേണമെന്നു നിങ്ങള്‍ നിശ്ചയിച്ചാല്‍ ഞാനും നിങ്ങളോടു യോജിക്കാം."

സർ, ആ അവസരത്തില്‍ മി. മാധവനും ഉണ്ടായിരുന്നു. ഞാന്‍ ഇതുപോലെ ശക്തിമത്തായി പറഞ്ഞുവെങ്കിലും ആ രണ്ടു യോഗങ്ങളിലും ബില്ലുവേണമെന്നുള്ളതിനെ അനുകൂലിച്ചതന്നെ നിശ്ചയം പാസ്സാക്കി. ആ രണ്ടു യോഗങ്ങളിലും ബില്ലു പാസാക്കുന്നതിന് പ്രതിബന്ധമായി കണ്ടതു് ഇതാണ്. "തച്ചർ" എന്നുള്ള പേരു ചിലർക്കു് പിടിക്കുന്നില്ല. അതിനു പകരം "തണ്ടാർബില്‍" എന്നപേരാണു് ഉന്നയിക്കപ്പെട്ടതു്. ഇന്നു് ഈ ഉച്ചസമയത്തു് എന്റെ മാന്യസ്നേഹിതന്‍ മി. കേശവനാചാരി മറ്റൊരു മാന്യസ്നേഹിതനുമായി സംസാരിച്ചതു ഞാന്‍ കേട്ടു. ഈ അഭിപ്രായമാണു് അപ്പോഴും കേട്ടതു്. "തച്ചർ" എന്ന പേർ സ്വീകാര്യമല്ല, പകരം "തണ്ടാർ" എന്ന പേർ സ്വീകാര്യമാണു്. എനിക്കറിയാന്‍ കഴിഞ്ഞതു് ഈ ബില്ലിനോടു് ആ സമുദായത്തില്‍ ആകെക്കൂടി എതിരുണ്ടെങ്കില്‍ അതു് ഈ പേരില്‍ മാത്രമാണു് എന്നാണു്. ഈ ബില്ലിനെപ്പറ്റി ആലോചിക്കുന്നതിനു ഈ നഗരത്തില്‍

LIBRARY ARCHIVES Kerala Legislative Assembly

വെച്ച് കൂടിയ മഹായോഗത്തിൽപോലും മി. നടരാജപിള്ള വന്നില്ല. അദ്ദേഹം ആ യോഗത്തിൽ ഹാജരാകാതിരുന്നതു് അവരുടെ അപരാധം ആകുമോ? അദ്ദേഹം ആ യോഗത്തിൽ ഹാജരായിരുന്നു എങ്കിൽ ഈ ബില്ലിനെ അദ്ദേഹം എതിർക്കുമായിരുന്നില്ല എന്നാണ് എന്റെ വിശ്വാസം. തച്ചർ സമുദായത്തിന്റെ അഭിപ്രായം അദ്ദേഹം അറിഞ്ഞില്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ അപരാധമാണ്.

MR. P. S. NATARAJA PILLAI : എനിക്ക് ഇൻവിറ്റേഷൻ ഉണ്ടായിരുന്നില്ലെന്ന് മെമ്പർക്ക് അറിയാമോ?

MR. T. K. NARAYANA PILLAI : നേരിട്ടറിഞ്ഞുകൂടാ, മി. നടരാജപിള്ളയെക്കുടി ക്ഷണിച്ചിട്ടുണ്ടെന്നു് അവർ എന്നോടു പറഞ്ഞു. തെറ്റാണെങ്കിൽ ക്ഷമായാചനം ചെയ്യുകൊള്ളുന്നു. അവരും ഈ ബില്ലുവേണമെന്നു പറഞ്ഞു. നായർബില്ലിനോടും ഈഴവബില്ലിനോടും ഏതാണ്ടു സാമ്യമുള്ള ഒരു ബില്ലു് അവർക്കും വേണമെന്നു് വളരെക്കാലമായി അവർ ആഗ്രഹിക്കുന്നുണ്ടു്.

നൂറു മാണ്ടിനുമുമ്പുമുതൽ ഈ സമുദായത്തിന്റെ എഴുത്തുകുത്തുകഠം പരിശോധിക്കുന്നപക്ഷം മക്കത്തായവും മരുമക്കത്തായവും അവർ സ്വീകരിച്ചിട്ടുണ്ടെന്നു കാണാം. മരുമക്കത്തായികളാണെന്നു പറഞ്ഞു് കാരണവന്റെ സ്വത്തു് അവകാശപ്പെട്ടുന്നുണ്ടു്. നൂറുമാണ്ടിനു ശേഷം മക്കത്തായികളാണെന്നു പറഞ്ഞു് പിതാവിന്റെ സ്വത്തു് അവകാശപ്പെട്ടിട്ടുണ്ടു്. ധാരാളം കേസുകഠം അതുകൊണ്ടുണ്ടാകുന്നുണ്ടു്. "മക്കത്തായം ഇല്ലെങ്കിലും നായർസമുദായവും ഈഴവസമുദായവും അംഗീകരിച്ചിരിക്കുന്നതായക്രമമാണു് ഞങ്ങളും സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് തറവാട്ടാഹരി ഞങ്ങൾക്കും കിട്ടണ"മെന്നു അവർ കോടതികളിൽ വാദിച്ചുകാണുന്നു. ഇങ്ങനെ ഈ സമുദായത്തിനു് നിരാക്ഷേപമായ ഒരു ആഗ്രഹമുണ്ടായിരുന്നാൽ അതിനെ തടയുന്നതു് ന്യായമാണോ എന്നാണു് സഭ ആലോചിക്കേണ്ടതു്. ആ സമുദായത്തിനു ഈ ബില്ലു് ആവശ്യമില്ലെങ്കിൽ നാം ഇതിനെ എതിർക്കണം. ഇതിനെ എതിർക്കുന്നവർ കൊണ്ടുവന്നിരിക്കുന്ന വാദം ഇതാണു്. തച്ചർ അൻപതിനായിരംപേരേ ഉള്ളു ഇതുയും ആളുകഠംക്കുമാത്രം ഒരു ബില്ലുണ്ടാക്കുന്നതിനെ ന്യായീകരിക്കത്തക്കതല്ല. അതിനും ഒരു യുക്തിഭാഗം ഉണ്ടു്. തങ്ങളുടെ ആചാരക്രമങ്ങൾക്കും നടപ്പുകൾക്കും നിയമസാധുതപമുണ്ടായിരിക്കണമെന്നു ജനസംഖ്യ എത്ര കുറഞ്ഞിരുന്നാലും ഒരു സമുദായമാഗ്രഹിക്കുന്നതു സ്വാഭാവികംമാത്രമാണു്. മറ്റൊരുവാദം മിശ്രമായം അവക്കുണ്ടെന്നുള്ളതാണു്. ആ വാദവും ശരിയല്ല. എന്തുകൊണ്ടെന്നാൽ



LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai]

മിശ്രവഴിക്കാരാണ് ഈഴവർ. അവക്ക് ഒരു ബില്ലുണ്ടാക്കുവാൻ കഴിഞ്ഞു എങ്കിൽ എന്തുകൊണ്ട് ഈ സമുദായത്തിനും ഉണ്ടായിക്കൂടാ? അതു കൊണ്ടു നായർ സമുദായത്തിനും ഈഴവസമുദായത്തിനുമുള്ള ഒരു നിലതങ്ങൾക്കും വേണമെന്ന് അവർ പറയുന്നതു് യുക്തിക്ക് ഏറ്റവും യോജിച്ചതുതന്നെയാണ്. എല്ലാസംഗതികളിലും ഈഴവരോട് സാമ്യമായ ആചാരങ്ങൾ ഉള്ള ഇവക്ക് ഈഴവർക്കുള്ളതു പോലെയുള്ള ഒരു നിയമം ഉണ്ടായിക്കൂടെന്നു പറയുന്നതിന്റെ യുക്തി എന്താണെന്ന് ഗാഢമായി ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ഒരു പക്ഷേ എല്ലാ സമുദായങ്ങളേയും ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഗവണ്മെന്റു വാഗ്ദാനം ചെയ്യുന്നപക്ഷം ഈ ബിൽ വേണ്ടെന്നുവെയ്ക്കാവുന്നതാണ്. അഡ്വാക്കേറ്റ് ജനറൽ മറുപടി പറയുമ്പോൾ അത്തരത്തിൽ ഒരു വാഗ്ദാനം ഉണ്ടാകുമോ എന്നു കണ്ടറിയേണ്ടിയിരിക്കുന്നു. അങ്ങിനെ ഒരു വാഗ്ദാനം ഉണ്ടാകുന്നപക്ഷം അപ്പോൾ ഈ ബില്ല് പിൻവലിക്കാം. അപ്പോൾ ഈ ബില്ല് പിൻവലിക്കണമെന്ന് ഞാൻ മി. മാധവനോട് അപേക്ഷിക്കുകയും ചെയ്യുന്നു. അതുവരെ ഈ സമുദായത്തിന്റെ ആഗ്രഹം അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

MR. M. K. NILAKANTAN : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. അതിനു രണ്ടുമൂന്നു കാരണങ്ങൾ ഉണ്ട്. ബിൽ ഇവിടെ അവതരിപ്പിക്കുന്നതിന് അവതാരകനായ മി. മാധവനോട് ആവശ്യപ്പെട്ടതു് ആരാണെന്ന് ഈ ബില്ലുകൊണ്ടു വ്യക്തമല്ല. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ സ്വന്ത നിലയിൽ ഒരു ബില്ല് ഇവിടെ അവതരിപ്പിക്കാമെന്നുള്ളതിൽ എനിക്ക് ആക്ഷേപമില്ല. എന്നാലും ആരുടെ ആഗ്രഹപ്രകാരമാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കേണ്ടതായിരുന്നു. രണ്ടു മാന്യന്മാരെ ഈ ബില്ലിനുവേണ്ടി ഈ സഭയിൽ കൊ-ആപ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ ഒരു മാന്യൻ തണ്ടാർ സമുദായത്തിലെ അംഗവും മറെറാരുമാന്യൻ തച്ചർ സമുദായത്തിലെ അംഗവുമാണ്. അവരുടെ വാദഗതിതന്നെ രണ്ടു തരത്തിലാണ്.

തണ്ടാർ സമുദായത്തിൽപ്പെട്ട അംഗം ഈ ബിൽ ആവശ്യമുണ്ടെന്നു പറയുന്നുണ്ടെങ്കിലും തച്ചർസമുദായത്തിൽപ്പെട്ട അംഗം ആവശ്യമില്ലെന്നു പറയുന്നു. വില്ലാശാന്മാർ മറെറാരു സമുദായമാണ്. ഈ ബില്ലിൽ അവരെക്കൂടി ഉൾപ്പെടുത്തി നിയമമാക്കുവാൻ പാടില്ലെന്ന് ആ സമുദായക്കാർ സഭക്കുകയും നിശ്ചയങ്ങൾ പാസാക്കുകയും ഗവണ്മെന്റി

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക മൊമ്മോറിയൽ അയക്കുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. ഇങ്ങനെ പരസ്പരം യോജിക്കാത്ത മൂന്ന സമുദായക്കാരെ കൂട്ടിചേർത്തു് ഒരു ബിൽ പാസാക്കണമെന്ന പറയുന്നതു് ധാർമ്മികമായി നോക്കുന്ന പക്ഷം അനീതിയാണു്. എന്തെന്നാൽ ഈ മൂന്നുകൂട്ടർക്കും ഒപോലെ ആവശ്യമില്ലാത്ത ഒരു നിയമം അവരുടെ പേരിൽ കെട്ടിവയ്ക്കുക എന്ന തുതാണു് ഇതിന്റെ പ്രകടമായ ലക്ഷ്യം. എന്റെ മാന്യസ്നേഹിതൻ മി. നടരാജപിള്ള ഇവിടെ പ്രസ്താവിച്ചതുപോലെ തിരുവിതാംകൂറിൽ ഹിന്ദുവിഭാഗത്തിൽപ്പെട്ട ഒട്ടുവളരെ സമുദായങ്ങളും ഇവിടെയുണ്ടു്. ആ എല്ലാ സമുദായങ്ങൾക്കും ഐകരൂപ്യമുണ്ടാകത്തക്കവിധത്തിൽ ഗവണ്മെൻറിൽനിന്നതന്നെ ഒരു ബിൽ അവതരിപ്പിക്കുകയും എല്ലാ സമുദായക്കാരുടെയും സാമാന്യമായ അഭിപ്രായങ്ങളും അറിഞ്ഞു് അതിനെ നിയമമാക്കിത്തീർക്കുകയും ചെയ്യുന്നതാണു് ഉത്തമമായിട്ടുള്ളതു്. ഇങ്ങനെ ഹിന്ദുസമുദായങ്ങൾക്കെല്ലാം നിയമംമൂലം ഐകരൂപ്യമുണ്ടാക്കുന്നതു് ഏറ്റവും നല്ലതാണെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടും, ഇതിലുൾപ്പെട്ട സമുദായങ്ങൾക്കുതന്നെ ഈ ബില്ലിന്റെ അംഗീകരണത്തിൽ അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടും ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

MR. K. R. NARAYANAN : സർ, മി. മാധവൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ രണ്ടു പ്രധാന കാരണങ്ങളാൽ ഞാൻ എതിർക്കുന്നു. ഒന്നാമതു് ഈ ബില്ലിന് ആ സമുദായത്തിന്റെ പിൻതുണയില്ല.

MR. VARKALA K. MADHAVAN : ആ സംഗതി മെമ്പർക്കെങ്ങനെ അറിയാം?

MR. K. R. NARAYANAN : എന്റെ മാന്യസ്നേഹിതൻ മി. ററി. കെ. നാരായണപിള്ള, അദ്ദേഹവും മി. മാധവനും കൂടി ഹാജരായിരുന്ന യോഗങ്ങളിൽ ആ സമുദായം ഈ ബില്ലിനെ അനുകൂലിച്ചു നിശ്ചയങ്ങളും പാസാക്കിയിട്ടുണ്ടെന്നും, അതുകൊണ്ടു ഈ ബില്ലിന് ആവശ്യമുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും, ഇവിടെ പറയുകണ്ടായി. തച്ചർസമുദായത്തിന്റെ നിശ്ചയം ഈ ബില്ലിനോടു അനുകൂലിച്ചാണെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ എനിക്കു കിട്ടിയ കരെഴുത്തിൽ രണ്ടുമൂന്നുസ്ഥലത്തു് ഈ സമുദായത്തിൽപെട്ട ആളുകൾ കൂടി ഈ ബിൽ തങ്ങൾക്കു് ആവശ്യമില്ലെന്നു് തീരുമാനിച്ചതായും, ഏകദേശം മുപ്പതിനായിരം പേർ ചേർന്ന ബിൽ അനുവദിക്കരുതെന്നു് കാണിച്ചു് ഗവണ്മെൻറിലേയ്ക്കും, ദിവാൻജി അവർകൾക്കും മെമ്മോറിയൽ കൊടുത്തിട്ടുള്ളതായും കാണുന്നു. അങ്ങനെ രേഖാമൂലമായി എനിക്കു കിട്ടിയിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ടുത്തി നോക്കുമ്പോൾ സമുദായത്തിന്റെ മുഴുവൻ പിൻതുണ ഈ ബില്ലിനുണ്ടെന്നു എങ്ങനെ പറയുവാൻ കഴിയും? ഏകദേശം അൻപതിനായിരത്തോളം മാത്രം ജനസംഖ്യയുള്ള ഒരു സമുദായത്തിലെ മുപ്പതിനായിരം പേർ ഈ ബിൽ തങ്ങൾക്കു ആവശ്യമില്ലെന്നു പറയുകയാണെങ്കിൽ ബിൽ ആവശ്യമുണ്ടെന്നുള്ള പക്ഷക്കാർ കേവലം ന്യൂനപക്ഷമായിരിക്കുമല്ലോ. ഞാൻ അറിയുന്നതു ശരിയാണെങ്കിൽ, സമുദായം ഈ ബില്ലിനെ അനുകൂലിക്കുന്നില്ല എന്നുള്ളതു് വ്യക്തമാണു്. ഈ സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ടു് ഇവിടെ ഹാജരുള്ള രണ്ടു മെമ്പർമാരിൽ ഒരാൾ ബില്ലിനെ അനുകൂലിക്കുന്നുവെങ്കിൽ മറെറാരാൾ ബില്ലിനെ പ്രതികൂലിക്കുകയാണു ചെയ്യുന്നതു്. ഈ രണ്ടു മെമ്പറൻമാരും ഇരുപത്തയ്യായിരം പേരെവീതം പ്രതിനിധീകരിക്കുന്നുവെന്നു വിചാരിക്കുക. അതിലൊരാൾ ഒരു അസോസിയേഷൻ സെക്രട്ടറി ആയിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായത്തിനാണു് കൂടുതൽ വില കൊടുക്കേണ്ടതു.

എന്നാൽ ഞാൻ ഈ ബില്ലിനെ എതിർക്കുന്ന മുഖ്യകാരണം അതൊന്നുമല്ല. തിരുവിതാംകൂറിൽ പലപല ചെറുസമുദായങ്ങളുണ്ടു്. ഭിന്നനിലയിലും, ഭിന്നസംപ്രദായത്തിലും വർത്തിക്കുന്ന ഈ ചെറുസമുദായക്കാരക്കു് എല്ലാവർക്കും പ്രത്യേകം പ്രത്യേകം ആക്ടുസ് അനുവദിച്ചുകൊടുക്കുന്നപക്ഷം തിരുവിതാംകൂർ ആക്ടുകളുടെ ഒരു പ്രദർശനശാലയായിത്തീരും.

MR. T. K. NARAYANA PILLAI : ആക്ടിന്റെ അഭാവംകൊണ്ടു് ഈ സമുദായങ്ങൾ വ്യവഹാരംമൂലം നശിക്കുന്നതു് ശരിയായിരിക്കുമോ?

MR. K. R. NARAYANAN : വ്യവഹാരംമൂലം നശിക്കുന്നതു ഒരിക്കലും ശരിയല്ല. അതു വരുത്താതിരിക്കുവാൻ നമുക്കു കഴിയും. മി. നടരാജപിള്ള അതു് വ്യക്തമായി പറഞ്ഞു. അഞ്ചുലക്ഷം ആളുകളോളം വരുന്ന സമുദായങ്ങൾക്കു് ഒരു ബിൽ പാസായികിട്ടിയാൽ തന്നെ എത്ര ഗുണമാണു് അതുകൊണ്ടു വരുവാനുള്ളതു? പാസാക്കി കിട്ടാനുള്ള പ്രയാസം എത്രമാത്രമുണ്ടെന്നുള്ളതു് വിശ്വകർമ്മബില്ലിന്റെ സ്ഥിതികൊണ്ടു നമുക്കറിയാം. അതിന്റെ പേരിനെപ്പററി മാത്രമുള്ള വടംവലി, വകുപ്പുവകുപ്പായുള്ള തീരുമാനങ്ങൾ, ഇവയെല്ലാം കഴിഞ്ഞു് ഒരു ബിൽ നിയമമാക്കുന്നതു് പാലാഴിമഥനത്തെക്കാൾ പ്രയാസമുള്ള ഒരു കാര്യമാണു്. അതിനാൽ ഇത്തരം ചെറുസമുദായങ്ങൾക്കു് പ്രത്യേകം പ്രത്യേകം ബില്ലുകൾ പാസാക്കാനിടയാക്കാതെ ഹിന്ദുക്കളെ എല്ലാംകൂടി ഒന്നിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ ബിൽ പാസാക്കി കൊടുക്കുകയാണ വേണ്ടത്. എന്റെ സ്വന്ത അഭിപ്രായം പറഞ്ഞാൽ ഹിന്ദുക്കളെയും, ക്രസ്ത്യാനികളെയും മഹമ്മദീയരെയും, മറെറല്ലാ സമുദായങ്ങളെയും ഒരുപോലെ ബാധിക്കുന്ന ഒരു നിയമം പാസാക്കുകയാണ് കുറെക്കൂടി നല്ലത്. പക്ഷെ അത് ഇപ്പോൾ വേണമെന്നില്ല. ഹിന്ദുക്കളും, ക്രസ്ത്യാനികളും, മഹമ്മദീയരുമെല്ലാം ഒരേ നിലയിലും സംപ്രദായത്തിലും അനുവർത്തിച്ചുവരുന്ന ആ നല്ലകാലം വരുമ്പോൾ മാത്രം നമുക്ക് അതിനെപ്പററി ആലോചിച്ചാൽ മതിയാകും. അതുവരെ ക്രസ്ത്യൻ സമുദായത്തെയും, മുസ്ലീം സമുദായത്തെയും ആകർഷിക്കാൻ കഴിയുന്ന ഒരു ലക്ഷ്യം വച്ചുകൊണ്ട് ഹിന്ദുസമുദായങ്ങളെ ഏകോപിപ്പിക്കുവാനുള്ള ഒരു നിയമം ഉണ്ടാക്കുവാനാണ് നാം ഇപ്പോൾ നോക്കേണ്ടത്. ആദ്യം അഞ്ചുലക്ഷം ജനങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമുദായത്തെ ഒന്നാകെ ബാധിക്കുന്ന ഒരു ബിൽ ഗവണ്മെൻറു ഭാഗത്തു നിന്നോ അല്ലെങ്കിൽ നോൺ അഫിഷ്യൽ ഭാഗത്തുനിന്നോ അവതരിപ്പിക്കുകയും പാസാക്കി കൊടുക്കുകയും ചെയ്യുകയാണെങ്കിൽ അതുപോലെയുള്ള അനവധി സമുദായങ്ങൾ ബില്ലുകളുമായി പുറപ്പെടുമെന്നുള്ളതിന്ന് സംശയമൊന്നുമില്ല. അങ്ങനെ ഈ രാജ്യം ബില്ലുകളുടെ ഒരു കാഴ്ചബംഗ്ലാവാകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണമെന്ന് ഒരു പുരോഗമനവാദിയായ എന്റെ സ്നേഹിതൻ മി. മാധവനോട അപേക്ഷിച്ചുകൊണ്ട ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

MR. T. T. KESAVAN SASTRI (*Nominated*) : ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. ഇതൊരു സാമുദായിക നിയമമാകയാൽ എനിക്ക്, ഇതിൽ പ്രത്യേക താൽപര്യമുണ്ടായിട്ടുള്ളതാകുന്നു. സമുദായങ്ങൾ, സമുദായങ്ങളായി പുരോഗമിക്കുന്നിടത്തോളം, സമുദായങ്ങൾക്ക് സമുദായ നിയമങ്ങൾ അത്യാവശ്യംതന്നെയാണ. ചില സമുദായങ്ങൾ നിയമസംബന്ധിതങ്ങളായി വളരുമ്പോൾ, ചില സമുദായങ്ങൾ നിയമരഹിതങ്ങളായി ക്ഷിണപ്പെട്ടുന്നതിനിടയാകുന്നതു കഷ്ടതരമാകുന്നു. ഇവിടത്തെ മേജർ സമുദായങ്ങൾ എല്ലാം നിയമമുള്ളവയാണ്. ക്ഷത്രിയ അക്ററ്, നായർ അക്ററ്, ഈഴവഅക്ററ് മുതലായവകൊണ്ടു ഈ സമുദായങ്ങൾ സംഘടിതരായി നന്മയും, മേന്മയും അനുഭവിക്കുന്നതു കണ്ടുകൊണ്ടാണ് നിയമമില്ലാത്ത സമുദായങ്ങൾ നിയമത്തിനായി അപേക്ഷിക്കുന്നത്. ന്യൂനപക്ഷരീതിയൊ, പിന്നോക്കസമുദായഭാവമൊ കൊണ്ടു നിയമമാവശ്യമില്ലെന്ന് അഭിപ്രായപ്പെടാൻ പാടുള്ളതല്ല. ഈ ബിൽ തച്ചർസമുദായത്തിന്റെ ദായക്രമവും, പിൻതുടർച്ചാവകാശവും നിയന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri.]

ക്കുന്നു. പേരുകൊണ്ടു അവാന്തരവിഭാഗങ്ങളുടെ ഇടയിൽ ഒരുപക്ഷേ ഭിന്നാഭിപ്രായം ഉണ്ടായെന്നുവരാം. അതിനു പരിഹാരമുണ്ടാക്കിയാൽ മാത്രം മതി. ഇവിടെ അവാന്തരവിഭാഗങ്ങളും ഇല്ലാത്ത സമുദായങ്ങളും ഒന്നുമില്ല. ബ്രാഹ്മണൻ മുതൽ പറയൻവരെയുള്ള ഓരോ സമുദായക്കാരിലും ഭിന്നവിഭാഗങ്ങളുണ്ട്. നിയമമുള്ള സമുദായങ്ങളും നാമമാത്ര ഭിന്നിതരായാലും നിയമശിക്ഷിതരായി, സംഘടിതരായിട്ടാണ് കാണുന്നതു്. ഉദാഹരണമായി മലയാളബ്രാഹ്മണരുടെ ഇടയിലാണെങ്കിൽ അക്കിത്തിരി, അടിതിരി, നമ്പൂതിരി, എം പ്രാന്തിരി, ഭട്ടതിരി, ചോമാതിരി എന്നിങ്ങനെ പല പേരുകളുള്ളതാണല്ലൊ. അതുപോലെ നായർ സമുദായത്തിലും, ഈഴവസമുദായത്തിലും, പുലയസമുദായത്തിലും എല്ലാം ഉള്ളതുപോലെ തച്ചർ സമുദായത്തിലും അവാന്തരവിഭാഗങ്ങൾ ഉള്ളതാണ്. ഇവർ നിയമമുള്ളവരായിത്തീരാനിടയാകുന്നതായാൽ അതു് പൊതുവെ ഉൽക്കർഷത്തിനു സഹായകമായിരിക്കും. തച്ചർസമുദായത്തിന്റെ അവാന്തരവിഭാഗങ്ങളിലൊന്നാണല്ലൊ തണ്ടാർ സമുദായം. തണ്ടാർ എന്ന ഒരു നാമമാത്രവിഭാഗം ഈഴവരിൽ ഉണ്ട്. പേർപിടിയിൽ ഉള്ള വാശിയാലാൽ, ഇവരും ഈ ബില്ലിൽ ഉൾപ്പെട്ടേതീരുവെന്നു ശഠിക്കാൻ സാധിക്കുന്നതാണോ? ജാതിയുടെയും ആചാരത്തിന്റെയും പാരമ്പര്യവും ആവശ്യവും, ഘടനയും മുൻനിറുത്തിയാണല്ലൊ ദായക്രമവും പിൻതുടർച്ചാവകാശവും അപേക്ഷിക്കുന്നതു്. പിന്നോക്കസമുദായക്കാർക്കെല്ലാംകൂടി ഒരു ബില്ലു് മതിയാകുമെന്നു പറയുന്നതു കേട്ടു. അല്ലാത്തപക്ഷം ബില്ലുകളുടെ ഒരു കാഴ്ചബംഗ്ലാവാകുമെന്നും, അതു ശരിയല്ലെന്നും ചിലർ പറയുകയുണ്ടായി. സാമുദായിക നിയമങ്ങൾ അധികമാകുന്നതു് ആശാസ്യമല്ലെങ്കിൽ ഉള്ള സാമുദായിക നിയമങ്ങൾ പരിത്യജിക്കാൻ അവർ തയാറാവണം. നായർ ആക്റ്റും, ഈഴവആക്റ്റും മാറും ഉപേക്ഷിക്കണം. ഹൈന്ദവർക്കു ഏകീകരണം നൽകി കൃസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കുമുള്ളതുപോലെ ഒരേ ഒരു ബിൽ അതായതു് ഹിന്ദുആക്റ്റു മാത്രം മതിയെന്നുവയ്ക്കണം. നിയമമുള്ളവർ അതാതു നിയമങ്ങൾ പുതുക്കാനല്ല, ഭേദമിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം.

സമുദായവാദികളിൽ ചിലർകൂടി ഈ ബില്ലിനെ എതിർക്കുന്നതു കേട്ടു. ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്ന തണ്ടാർ സമുദായത്തിന്റെയും, വില്ലാശാൻ സമുദായത്തിന്റെയും മറും നേതാക്കൻമാരുടെ അഭിപ്രായം കൂടെ വരുത്തി വേണ്ട ഭേദഗതികൾ അംഗീകരിച്ചു് ഇതു് പാസ്സാക്കുകയാണു് വേണ്ടതു. ഈ സഭയുടെയും ഗവണ്മെന്റിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

സഹായം ഇതിന് ഉണ്ടാകേണ്ടതു് അത്യാവശ്യമാകുന്നു. നിയമമില്ലാത്ത സമുദായങ്ങളെ സംബന്ധിക്കുന്ന വിധിനടത്തിപ്പുകളിൽ ന്യായാധിപൻമാരും വക്കീലൻമാരും വളരെ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ള കാര്യം എനിക്കു് ശരിയായി അറിയാൻ സാധിച്ചിട്ടുണ്ടു്. പാരമ്പര്യം നോക്കി ചെയ്യാവുള്ള തീരുമാനം നിമിത്തം പലർക്കും സങ്കടത്തിനിടയായിത്തീരാവുന്നതാണു്. സർവോപരി ഈ ചെറിയ സമുദായത്തിന്റെ അഭ്യർത്ഥന ഈ സഭയും, ഗവണ്മെന്റും, സ്വയം അംഗീകരിച്ചു് നടപ്പിലാക്കി സഹായിച്ചു കാണ്മാൻ താൽപര്യപ്പെട്ടുകൊണ്ടു് ഈ ബില്ലിനെ അനുകൂലിച്ചു കൊള്ളുന്നു.

**Mr. P. S. MAHOMED :** സർ, ഞാൻ മി. മാധവന്റെ ബില്ലിനെ അനുകൂലിക്കുന്നു. അതിന്റെ തത്വത്തോടു എല്ലാവിധത്തിലും യോജിക്കുന്നു. ഏതെങ്കിലും ഒരു സമുദായം ഒരു നിയമത്തിനുള്ളിൽ നില്ക്കണമെന്നാഗ്രഹിക്കുമ്പോൾ അതിനു പ്രതിബന്ധമായി നിൽക്കുന്നതു ശരിയല്ല. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ചു ആ സമുദായത്തിലെ രണ്ടു പ്രതിനിധികൾ ചെയ്ത പ്രസ്താവനകൾ കേട്ടപ്പോൾ ഇവർ തമ്മിലുള്ള അഭിപ്രായവ്യത്യാസം ബില്ലിന്റെ മൗലികതത്വത്തിൽ അല്ലെന്നും എന്നാൽ അതിലെ ചില വകുപ്പുകളെ സംബന്ധിച്ച കാര്യങ്ങളിൽ മാത്രമാണെന്നുമാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. എന്തെന്നാൽ ഒരാൾ ബില്ലിനോടു പൂർണ്ണമായി യോജിക്കുകയും മറെറാരാൾ ബില്ലിന്റെ പേരിൽ മാത്രം എതിർ പ്രകടിപ്പിക്കുകയും എന്നാൽ സെലക്ട് കമ്മറിയിൽ വരുമ്പോൾ വേണ്ടതു ചെയ്തുകൊള്ളാമെന്നു അഭിപ്രായപ്പെടുകയാണു് ചെയ്തതു്. അതുകൊണ്ടു് ബില്ലിന്റെ തത്വത്തെ ആരും എതുക്കുന്നില്ല. മറെറാരഭിപ്രായഗതി ഹിന്ദുക്കളെ ഒന്നാകെ ബാധിക്കുന്ന ഒരു നിയമം ഇവിടെ ഉണ്ടായിരിക്കണം എന്നാണു്. അതു നല്ലതാണു്. അതിനും ഈ ബിൽ ഉപകാരപ്പെടുമെന്നാണു് എനിക്കു പറയാനുള്ളതു്. എല്ലാവരേയുംകൂടി ഒന്നിച്ചു സംഘടിപ്പിച്ചു ഒരു ബിൽ കൊണ്ടുവരുന്നതിനേക്കാൾ നല്ലതു് ഒരു സമുദായത്തിൽപ്പെട്ട വിഭാഗക്കാരെ എല്ലാം ഒന്നായി സംഘടിപ്പിച്ചു അവക്കു പ്രത്യേകനിയമങ്ങൾ ഉണ്ടാക്കുകയും പിന്നീടു ആ നിയമങ്ങളെല്ലാം മാററി ഒരു നിയമമുണ്ടാക്കുകയും ചെയ്യുന്നതാണു് എളുപ്പവും സൗകര്യവുമായിട്ടുള്ളതു്. ഇപ്പോൾ ഭിന്നനിലയിൽ വർത്തിച്ചുപോരുന്ന മൂന്നു വിഭാഗക്കാരെ ഒന്നിച്ചുചേർത്തു ഒരു നിയമത്തിൻകീഴിൽ നിറുത്താൻ സാധിക്കുമെങ്കിൽ അതുയും സാധിക്കട്ടെ. ഈ ബിൽ അതിനു സഹായിക്കും. അതുകൊണ്ടു് ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുകയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. MADHAVAN (*Vaikom* cum *Kottayam*) : ബഹുമാനപ്പെട്ട മെമ്പർ മി. മാധവൻ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ തത്വത്തോട് ഞാൻ യോജിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഇവിടെ പ്രകടമായ രണ്ട് അഭിപ്രായങ്ങളിൽ ഒന്ന് ഈ ബില്ലിനെ തച്ചർബിൽ എന്ന നാമകരണം ചെയ്യുന്നതിൽ ഒരു ആക്ഷേപം കാണുന്നുവെന്നാണ്. തച്ചർ എന്ന പറഞ്ഞാൽ വൈയ്ക്കം കോട്ടയം മുതലായ താലൂക്കുകളിൽ മരപ്പണി പ്രധാന ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള മര ആശാരിമാരുടെ ഒരു അവാന്തരവിഭാഗമായിട്ടാണ് അറിയപ്പെടുന്നത്. എന്നാൽ തിരുവനന്തപുരം നെയ്യാറിൻകര മുതലായ സ്ഥലങ്ങളിൽ തച്ചർ എന്ന പറഞ്ഞാൽ മരംകേറ്റം പ്രധാന ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വിഭാഗക്കാരാണെന്ന എന്റെ ബഹുമാന്യസ്നേഹിതൻ മി. റ്റി. കെ. നാരായണപിള്ള ഇവിടെ പ്രസ്താവിച്ചുകേട്ടു. ഇങ്ങനെ ദേശവ്യത്യാസംനിമിത്തം ഈ രണ്ടു ജാതിനാമങ്ങൾക്കും രണ്ടു പ്രത്യേകമായ അർത്ഥം കാണുന്നതുകൊണ്ട് തച്ചർബിൽ എന്ന ആ പേർ ഉപേക്ഷിച്ച് മരം കേറ്റം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ജാതിക്കാരെ മാത്രം ബാധിക്കുന്ന ഒരു പേർ ഈ ബില്ലിനു കൊടുക്കുന്നപക്ഷം ഇപ്പോൾ കാണുന്ന അഭിപ്രായവ്യത്യാസം നീങ്ങുമെന്നാണ് എന്റെ വിശ്വാസം. എന്തായാലും ഒരു നിയമം ഈ സമുദായക്കാർക്കു വളരെ ആവശ്യമാണെന്നു കാണുന്നുണ്ട്. കോടതികളിൽ പ്രത്യേകിച്ചും നിയമം ഇല്ലാത്തതുകൊണ്ടുള്ള വിഷമങ്ങൾ ധാരാളം കാണുന്നുണ്ട്. ഈഴവ ആക്ട്, നായർ ആക്ട് മുതലായ സാമുദായിക ആക്റ്റുകൾ നടപ്പിൽ വന്നതിനുശേഷം ന്യൂനപക്ഷക്കാരായ സമുദായക്കാരുടെ ഇടയിൽ പലപ്പോഴും വിവാഹകാര്യത്തെസംബന്ധിച്ചുള്ള തർക്കങ്ങൾ കോടതികളിൽ വരുമ്പോൾ നിർദ്ദേശപരങ്ങളായ യാതൊരു നിയമങ്ങളും ഇല്ലാത്തതുകൊണ്ട് ചില സമുദായക്കാർ അവരുടെ വിവാഹങ്ങൾക്ക് സ്ഥിരത ഉണ്ടോ ഇല്ലയോ എന്നുള്ള വാദത്തിനു ആചാരം, നടപ്പ് ഇന്നിവകൊണ്ട് തങ്ങളുടെ വിവാഹംനിയമസമ്മതിയുള്ളതാക്കിത്തീർക്കുന്ന നിലയിലാണിരിക്കുന്നത്. അതുകൊണ്ടു വിവാഹം ഇഷ്ടംപോലെ ഉപേക്ഷിക്കത്തക്കതല്ല, ഭാര്യാഭർതൃബന്ധത്തിന് നിയമവ്യവസ്ഥയുണ്ട്, എന്നു തർക്കിക്കാൻ ശ്രമിക്കുന്നു. എന്നാലും ആവക തെളിവുകളെ ഒരു കേസ്സിനു കോടതി ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് വിശേഷിച്ചും വിവാഹത്തിന്റെ ഉറപ്പിനുവേണ്ടി ഈ മാതിരി ചില്ലറ സമുദായങ്ങൾക്കു പ്രത്യേകം നിയമത്തിന്റെ ആവശ്യമുണ്ടെന്നാണ് എനിക്കു ഈ സഭയെ അറിയിക്കാനുള്ളത്. ഇപ്പോൾ മരംകയറ്റം പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള വർഗ്ഗക്കാർക്കു വേണ്ടിമാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

മി. മാധവൻ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. പലവിധത്തിലുള്ള പേരുകൾ ആ തൊഴിൽ ചെയ്യുന്ന ജാതിക്കാക്കുണ്ടു്. കൊച്ചിയോടടുത്ത സ്ഥലങ്ങളിൽ അതായതു് വടക്കൻ പറവൂരിൽ, കണക്കർ എന്നാണു് ഇവരെ പറയുന്നതു്. വൈയ്ക്കം, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇവരെ വേലൻമാർ, പരവർ, എന്ന പേരുകളാൽ അറിയപ്പെടുന്നു. ചെങ്ങന്നൂരിൽ ഇവക്കു ചാക്ക എന്നും പേരുള്ളതായി കാണുന്നു. ഇങ്ങനെ ഇവക്കു പല പേരുകളുണ്ടു്. തിരുവിതാംകൂറിൽ ഒട്ടാകെ പലടത്തുമായി കാണപ്പെടുന്ന ഒരു വർഗ്ഗക്കാരാണു ഇവർ എന്നതിൽ സംശയമില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള ഈ സമുദായത്തെ ഒന്നായി പരിഗണിച്ചു് ഇവരെ എല്ലാം ഏകസമുദായമായി ഗണിച്ചു് അവക്കു തമ്മിൽ ഒരേനിയമം മൂലം ബന്ധം ഉണ്ടാക്കുന്നതു് ആശാസ്യമാണെന്നാണു് എന്റെ അഭിപ്രായം. സമുദായങ്ങൾ സമുദായങ്ങളായി ഇരിക്കുന്നിടത്തോളം കാലം അങ്ങനെയുള്ള നിയമങ്ങൾ അസ്ഥാനത്താണെന്നു പറയാവുന്നതല്ല. എന്റെ മാന്യസ്നേഹിതൻ മി. മഹമ്മദു് ചൂണ്ടിക്കാണിച്ചതുപോലെ ഇങ്ങനെ രണ്ടുമൂന്നു സമുദായങ്ങൾ ഉൾക്കൊള്ളുന്ന സാമുദായിക നിയമങ്ങൾ നടപ്പിൽ വരുമ്പോൾ ഒരു പക്ഷെ എല്ലാ സമുദായക്കാരെയും ഉൾക്കൊള്ളുത്തക്ക ഒരു നിയമം തന്നെ ഉണ്ടായി എന്നു വരാം. പല പല സമുദായങ്ങൾക്കു് പലപ്പോഴായി പലപല നിയമങ്ങൾ ഉണ്ടായിരിക്കുന്നതിനേക്കാൾ ഒരൊറ്റ നിയമം എല്ലാ സമുദായക്കാക്കും കൂടി ഉണ്ടായിരിക്കുന്നതാണു് നല്ലതെന്നു് അധികാരികളെ തോന്നിപ്പിക്കുക എന്ന ഉദ്ദേശം കൂടി ഇത്തരം സാമുദായിക നിയമങ്ങൾ പാസ്സാക്കുന്നതിൽ ഞാൻ കാണുന്നുണ്ടു്. ഒരു പക്ഷെ ഗവണ്മെൻറു തന്നെ അടുത്തകാലത്തു് അങ്ങനെ ഒരു നിയമം ഇവിടെ കൊണ്ടുവരുന്ന പക്ഷം മി. മാധവൻ ഈ ബിൽ പിൻവലിക്കുമെന്നും ഞാൻ വിചാരിക്കുന്നു. ഗവണ്മെൻറു അതു ചെയ്യുന്നില്ലെങ്കിൽ മി. മാധവന്റെ ഈ ബിൽ പുനരാലോചനയ്ക്കു എടുക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

**MR. PULIYOOR T. P. VELAYUDHAN PILLAI:** May I know from the honourable member whether he is aware that there are classes of people in Central and North Travancore known by the name "ചാക്കർ "വണ്ണവർ" whose general occupation is tree climbing?

**MR. K. K. CHELLAPPAN PILLAI:** സർ, ഈ ബില്ലിനെപ്പറ്റി എനിക്കു രണ്ടു വാക്കു മാത്രമേ പ്രസ്താവിക്കുവാനുള്ളൂ. കസ്റ്റമറിലാ എന്നറി



LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

യപ്പെട്ടന്ന ആചാരങ്ങൾമൂലമുള്ള പിൻതുടർച്ചാവകാശവഴി വസ്തുക്കളും എല്ലാം ഒന്നിച്ചും മറ്റും അനുഭവിക്കുന്ന അനേകം സമുദായങ്ങളുണ്ട്. ആ സമുദായങ്ങൾക്ക് ഒരു നിയമം ഉണ്ടാക്കണമെന്നതന്നെയാണ് ഞങ്ങളും ആഗ്രഹിക്കുന്നത്. അങ്ങിനെയുള്ള ഒരു നിയമസംഹിതി ഉണ്ടാക്കാതെ ഇരിക്കുന്നിടത്തോളം കാലം ഈ തരം സാമുദായികനിയമങ്ങൾ ആശാസ്യങ്ങൾ തന്നെ. എന്നാൽ എനിക്കു ഒരുകാര്യം പറയാനുണ്ട്. ഈ ബില്ലിന്റെ പേരുകൊണ്ടുതന്നെ അനേകസമുദായങ്ങൾ ഈ ബില്ലിനെ എതിർക്കുന്നു എന്നു കാണുന്നു. ആ ഒരു കാരണത്തിൻമേൽ ഈ ബില്ലിനെ എതിർക്കാതെ തരമില്ല. അങ്ങിനെയുള്ള സമുദായങ്ങളുടെ എതിർപ്പുകളെപ്പറ്റി പര്യാലോചിച്ചതിനുശേഷം അല്ലാതെ നിർബന്ധമായി അവരെ ഇതിനുള്ളിൽ വലിച്ചിഴച്ചു ഇടുന്നതിന് അനുവദിച്ചുകൂടാ. അവരുടെ അഭിപ്രായങ്ങൾ ആരായുന്നതിനു ഈ ബില്ലിന്റെ പകർപ്പുകൾ അവരുടെ ഇടയിൽ സർക്കുലേറു ചെയ്യേണ്ടതാണു. അതുചെയ്തു അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമേ ഈ ബില്ല് ആലോചനക്കെടുക്കാവൂ എന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിന്റെ അവതാരകനായ ബഹുമാനപ്പെട്ട മെമ്പർപോലും എന്റെ ഈ അഭിപ്രായത്തോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. KADAKKAVOOR P. MADHAVAN: I have had the opportunity of hearing certain speakers, as Mr. P. S. Nataraja Pillai and Mr. T. K. Narayana Pillai who presented before this House an utopian theory. Mr. Nataraja Pillai ought to have known that there are Ezhavas, Nairs, Vellalas and Kshatriyas who dominate in this State. In Travancore they form the majority. The Ezhavas wanted a law for the Ezhavas, the Nairs wanted a law for the Nairs and the Vellalas wanted a law for the Vellalas. Now Mr. Nataraja Pillai says that it is only a small section of the population, while the Thatchers are craving for a law. These Thatchers number about 50,000 and they want protection under a written law. My friend says that they should not be granted a law. My friend ought to have stated that the Vellala law must be wiped out first and all the sections of the people must be guided by a single law. As long as the Thatchers plead for a written law for their protection, it is our duty to see that a law is given to them.

Another objection raised by Mr. T. P. Velayudhan Pillai is that it is always dangerous to have laws for these small sections. But I am afraid whether my friend might have forgotten the fact that he once brought for consideration in the Assembly a law affecting only a very small section of the Nair community. When he wanted to recommit that Bill he entrusted it to the Select Committee. He said that the

LIBRARY ARCHIVES Kerala Legislative Assembly

Nair Community will be ruined if such an amendment was not brought into the Nair Act. And in the face of a violent attack of Mr. T. K. Narayana Pillai and others that Act was committed to the Select Committee. When a community which consists of more than 50,000 people wants a law, it is the duty of every member of this House to support that Bill and see that the Bill is committed to a Select Committee.

The only difference between the two members nominated for the Bill is whether the title of the Bill must be the Thatcher or the Thander Bill. As Mr. Narayanan said, the Kammalas wanted the Bill to be the Kammala Bill and some others preferred the title to be the Viswakarma Bill. The Dewan said that the name of both the communities may be given in the title of the Bill. Similarly the names of thatcher and thander can be given so that the two persons representing the community may be satisfied. Therefore the name does not matter much. When it is committed to the select committee with wide powers to investigate and to take evidence and if they find that the name is to be altered, it will be possible to do so at that time. Anyhow, it is absolutely necessary in view of the desire of the community to see that the Bill is committed to the select committee.

MR. A. P. UDAYABHANU: I oppose the Bill. ഈ ബിൽ അവതരിപ്പിക്കുന്നതിനെപ്പറ്റി മി. ടി. കെ. നാരായണപിള്ള പറഞ്ഞ പ്രധാന വാദം ഈ ബില്ലിന് തച്ചർ സമുദായത്തിന്റെ ബലമായ പിൻതുണ ഉണ്ടെന്നാണ്. തിരുവനന്തപുരത്തും നെയ്യാറ്റിൻകരയും ഉള്ള തച്ചന്മാരുടെ അഭിപ്രായം വച്ചുകൊണ്ടാണ് അദ്ദേഹം അങ്ങനെ അഭിപ്രായപ്പെട്ടത്. ഏകദേശം അൻപതിനായിരത്തോളം വരുന്ന തച്ചർ, തണ്ടാൻ മുതലായ സമുദായക്കാർ, തിരുവിതാംകൂർ ഒട്ടാകെ ചിതറിക്കിടക്കുന്ന ഒരു സമുദായമാണ്. അവരുടെ എല്ലാം അഭിപ്രായം കൂടി അറിഞ്ഞുകൊണ്ടാണോ ഈ ബില്ല് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. അരിയുടെ വേവു നോക്കാൻ ഒന്നരണ്ടെടുത്തു നോക്കുന്നതുപോലെ തച്ചർസമുദായത്തിന്റെ അഭിപ്രായം അറിയാൻ നെയ്യാറ്റിൻകരയും തിരുവനന്തപുരത്തും ഉള്ളവരുടെ അഭിപ്രായം അറിഞ്ഞാൽ മതിയോ? ഈ സമുദായത്തിൽനിന്നും രണ്ടുപേരെ നോമിനേറ്റ ചെയ്തിട്ടുണ്ട്. ഇവർ ഇരുവരും ആ സമുദായവിഭാഗങ്ങളെ എല്ലാം പ്രതിനിധീകരിക്കുന്നുണ്ടോ എന്നു സംശയമാണ്. ഒന്നരണ്ടു സംഘടനകളുടെ പേരിലാണ് ഇവരെ നോമിനേറ്റ ചെയ്തിരിക്കുന്നത്. അവക്ക് ബോഡുകളില്ലാതെ സമുദായത്തിന്റെ പ്രാതിനിധ്യം ഉണ്ടോ എന്ന് എങ്ങിനെ അറിയാം.

MR. P. S. MOHAMED : അതു് അറിയാൻ എന്തു മാർഗ്ഗമാണുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHAN : ഇവക്ക് പ്രാദേശിക സംഘടനകൾ ഉണ്ടോ? മെമ്പർഷിപ്പ് ഉണ്ടോ? ആ സംഗതികളെ ആസ്പദമാക്കിയാണ് പ്രാതിനിധ്യം നിശ്ചയിക്കുന്നത്.

ജന്മനാ മരംകയറാം തൊഴിലായുള്ളവക്കാണ് ഈ ബിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. ആ നിലയ്ക്ക് ദിവസം മുന്നു പ്രാവശ്യം തെങ്ങിൽ കയറുന്നവരെക്കൂടി ഈബില്ലിൽ ഉൾപ്പെടുത്തേണ്ടിവരും. അങ്ങനെ അവരേക്കൂടി ഉൾപ്പെടുത്തിയാൽ അവർ പ്രതിഷേധിക്കുകയും ചെയ്യും. തെങ്ങിൽ കയറാം അല്ല മരം കയറാം തൊഴിലായിട്ടുള്ളവരെ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തുന്നതെങ്കിൽ അത് കുറേക്കൂടി കുഴപ്പത്തിനിടയാക്കുന്നു. അങ്ങനെ മാങ്ങാ പറിക്കാൻ മരത്തിൽ കയറുന്നവരെക്കൂടി ഈ ബില്ല് പിടികൂടുന്നതാണ്. ഇങ്ങനെയുള്ള കാരണങ്ങളാൽ ഈ ബില്ലിനെ അതിന്റെ മുഖവിലയ്ക്കുതന്നെ തള്ളിക്കളയേണ്ടതാണ്. ഇത് മക്കത്തായവും മരുമക്കത്തായവും അനുസരിക്കുന്നവരേ ഒരുപോലെ ബാധിക്കുന്ന ഒരു ബില്ലാണ്. ഇപ്രകാരം രണ്ടു ദായക്രമങ്ങളെ അനുസരിക്കുന്നവരെ ഒന്നിച്ചു ഒരു ബില്ലിനുള്ളിൽ ചേർക്കുന്നതു പോത്തിനേയും കാളയേയും ഒരു നുകത്തിൻകീഴിൽ വച്ചുകെട്ടുന്നതുപോലെ അസ്വാഭാവികമായിരിക്കും. മാത്രമല്ല, ഈ മിശ്രദായം അനുസരിക്കുന്നവർ തമ്മിലുള്ള ദാമ്പത്യവേഴ്ചയും അത്രവളരെ ദൃഢമായിരിക്കുകയില്ല. കല്യാണം കഴിച്ചു ഉടനേതന്നെ വിവാഹമോചനം നടക്കുന്നതിനു വിഷമമില്ല. പക്ഷേ എവിടെപ്പോയി താമസിച്ചാലും എങ്ങിനെ നടന്നാലും വിവാഹമോചനത്തിനപേക്ഷിച്ചാൽ ൧൦൦ രൂപവരെ ഫൈൻ കൊടുക്കണം.

MR. T. K. NARAYANA PILLAI: Is my honourable friend aware that under the Ezhava Act a man or a woman who seeks divorce need not state any reason for compensation?

MR. A. P. UDAYABHANU : കൊടുത്തിട്ടുണ്ട്. അതുകൊണ്ട് വളരെ വിഷമം ഉണ്ട്.

ഈഴവരെ സംബന്ധിച്ചു ഈഴവക്ക് പ്രത്യേകം ഒരു ബില്ലുണ്ട്. നായർസമുദായത്തിനും പ്രത്യേകം ബില്ലുണ്ട്. എന്നാൽ ഈഴവക്കും നായന്മാക്കും പൊതുവായി ഒന്നുപോലെ ബാധിക്കുന്ന ഒരു ബില്ലുണ്ടോ, കുമെങ്കിൽ ഈ സമുദായത്തേയും അതിലുൾപ്പെടുത്തുന്നതിനു വിരോധമില്ല. എന്റെ അഭിപ്രായം തിരുവിതാംകൂറിലുള്ള എല്ലാ സമുദായങ്ങളേയും ബാധിക്കുന്ന ഒരു ബിൽ ഉണ്ടാക്കണമെന്നാണ്. ഇന്നു മനുഷ്യന്റെ പുരോഗതിക്കു വിഭിന്നമതങ്ങളും പ്രതിബന്ധങ്ങളായി കിടക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകം ബില്ലുണ്ടാക്കുന്നതു് മനുഷ്യക്കു മുന്നോട്ടു പോകുന്നതിനുള്ള പ്രതിബന്ധങ്ങളെ വർദ്ധിപ്പിക്കുകയേയുള്ളു. ദിവസവും ബില്ലുകളും നിയമങ്ങളും കൂടിക്കൂടി വരികയാണു്. മനുഷ്യന്റെ ദൈനംദിനജീവിതത്തിനു് കുമിളകം പോലെ ബില്ലുകൾ ഉണ്ടാക്കുന്നതു് വളരെ, കഴപ്പുണ്ടാക്കുന്നതാണു്. ഇങ്ങനെ അകപ്പാടെ നോക്കുമ്പോൾ ഈ ബില്ലു് അവതരിപ്പിക്കാതെ ഇരിക്കുകയായിരുന്നു നല്ലതു് എന്നാണു് എന്റെ അഭിപ്രായം.

MR. VARKALA K. MADHAVAN: I press for a decision-

MR. K. G. KUNJUKRISHNA PILLAI (*Advocate-General*): I should like to say a few words on the attitude of the Government in this matter. Particularly as Mr. T. K. Narayana Pillai invited the Government to express an opinion, I can shortly state the position of the Government thus. Government's position is one of neutrality, a rather critical neutrality. I say that advisedly, Sir, because the Government are of the view, generally speaking that such Bills affecting small communities comprising 20 to 50 thousands are not actually conducive either to the good of the communities as a whole or to the good of the particular community itself. But Government do not want their view to be taken into account when the honourable members of this House are considering a piece of social legislation. Government will welcome this House for a categorical expression of its views on a comprehensive Bill for all those communities who desire some sort of legislation with respect to succession, marriage and inheritance. If such a comprehensive Bill can be framed, Government will contribute their utmost assistance to it, but they must be satisfied that this House practically unanimously agrees to such a course and that it will be supported by public opinion outside. So long as there is some sort of attempt at social legislation, Government do not want, generally speaking, to interfere, but it is the considered view of the Government that a piece of legislation covering all those communities that are now crying for it on some sort of general lines would be of great assistance both to the communities and to the country at large.

As regards this Bill the whole question depends upon what the community itself desires. Government are in the possession of petitions sent up by people claiming to represent over 40,000 of these people who are to be represented and saying that they do not want this Bill. Government are, therefore, very anxious that the wishes of the communities must be consulted at greater length before any legislation is undertaken in this matter. That is all I have got to say on this Bill. But as I said, Sir, it the House will give a lead in this matter and come to some sort of agreement on a Bill affecting all those communities that are not at present controlled by any laws or Act, it will be conducive to public good, and Government would extend the greatest assistance to see that such a Bill is passed through the House.

LIBRARY ARCHIVES Kerala Legislative Assembly

**MR. VARKALA K. MADHAVAN:** Will the Government take the initiative for that?

**PRESIDENT:** Order, order. As this is a matter which affects social legislation generally, I think it is but right that the attitude of the Government should be defined. As has been made clear on more than one occasion in this House and elsewhere, Government can only adopt a policy of strict neutrality with regard to social legislation relating to particular groups or communities. That remark applies not only to such Bills as the present but also to the one which will next engage the attention of this House, *viz.*, the Anti-dowry Bill. In other words, Government's point of view is that it is open to any community, provided it can persuade the members of this honourable House, to get legislation passed in relation to that community or to that set or group of communities. Government officials will not vote one way or the other in relation to such social legislation.

There is one further point that may be borne in mind. It arises thus. As has been indicated by the Advocate-General, it would conduce to convenience and facilitate the administration of justice if there were only one or two consolidated enactments. At present we have the spectacle of the Nayars, Ezhavas, Kammalas and various other communities having or projecting legislation for themselves. Putting on one side all the communities whose rights and obligations have already been dealt with by legislation and unless it is intended also by this House to deal with that legislation by way of consultion or amendment or re-consideration, if it is the pleasure of this House and the other House that all the other communities following Makkathayam law should have one set of laws governing them and all sets of people following the Marumakkathayam law should have one set of laws governing them, then any Bill to that effect and intended to bring about that result will be facilitated by Government by giving such assistance in the way of speeding up legislation as is possible, but there again Government will not vote one way or the other and they will leave it to the community concerned and to this House to decide their own destiny.

The question whether the House grants leave for the introduction of the Travancore Thatchar Bill by Mr. Varkala K. Madhavan was put to vote and lost.

A poll was taken with the following result:—

AYES—18.

Mr. P. R. Atchuthan
„ P. C. Adichan
„ K. Balakrishna Menon
„ M. K. Chandrasekhara Bhattathiri
„ Kadakkavoor P. Madhavan
„ T. T. Kesavan Sastri
„ V. S. Krishna Pillai
„ E. K. Madhavan
„ R. Madhavan Nair
Mr. P. S. Mahomed
Mr. S. Muthukaruppa Pillai
Mr. T. K. Narayana Pillai
Srimathi T. Narayani Amma
Mr. G. Parameswaran Pillai
„ K. M. Paul
„ K. Sukumaran
„ Varkala K. Madhavan
„ N. Velu Vaidyan

LIBRARY ARCHIVES Kerala Legislative Assembly

NOES—20.

| | |
|---|---|
| Mr. Brahmapuram P. Yesudian | Mr. P. K. Kunju |
| ,, K. K. Chellappan Pillai | ,, C. S. Lakshmana Aiyar |
| ,, V. Gangadharan Nair | ,, K. R. Narayanan |
| ,, P. S. Gopala Pillai | ,, P. S. Nataraja Pillai |
| ,, V. I. Idiculla | ,, A. Nesamony |
| ,, P. K. Kesavan Achari | ,, M. K. Nilakantan |
| ,, K. G. Kesavan Nair | ,, Puliyoor T. P. Velayudhan Pillai |
| ,, P. Kochukrishna Pillai | ,, S. Thirviam Nadar |
| ,, S. Krishna Aiyar | ,, A. P. Udayabhanu |
| ,, P. K. Kumaran | ,, V. K. Velappan Nair |

NEUTRALS—23.

| | |
|---|---|
| Mr. T. Chandy | Mr. B. Paramu |
| ,, Chazhikattu Joseph | Rao Bahadur T. V. Venkateswara Aiyar |
| ,, K. K. Kartha | Rajyasevanirata S. Chattanatha Karayalar |
| ,, C. Kumara Das | Mr. N. Ramakrishna Pillai |
| ,, K. Kunjukrishna Pillai | ,, S. Sankaranarayanan Tampi |
| ,, P. K. Kuriakose | ,, V. Sridharan Pillai |
| ,, K. A. Mahomed | ,, G. N. Tampi |
| ,, K. A. Mathew | ,, J. W. Tolson |
| ,, K. T. Michael | ,, K. Varughese Ithac |
| ,, J. T. Morais | ,, P. M. Varughese |
| ,, K. R. Narayana Aiyar | |
| Dr. H. Parameswaran | |
| Mr. N. D. Parameswaran Namboodiri | |

The motion was lost.

## THE TRAVANCORE ANTI-DOWRY BILL.

**SRIMATHI T. NARAYANI AMMA** (*Nominated*): Sir, I beg to move that the Travancore Anti-Dowry Bill be read in the Assembly.

**MR. M. R. RAMAKRISHNA PILLAI**: I second it.

**SRIMATHI T. NARAYANI AMMA**: Sir, in introducing the Bill, I feel it is not necessary for me to make a long speech to commend the principles underlying the Bill for the acceptance of the House. Sir, the statement of Objects and Reasons speaks for itself and it is hardly necessary for me to add to what is stated therein. Whatever may be the origin of the dowry system there is no doubt whatsoever it is now considered by the vast majority of the people who are affected by it as a positive social evil which calls for immediate removal. In British India there is a growing volume of public opinion in favour of its removal; and speakers and writers have vividly described the evil effects of the dowry system. Anti-Dowry bills have been passed

LIBRARY ARCHIVES Kerala Legislative Assembly